നം.എൽ.എഫ്(കുഫോസ്)എ2/70/13

ലോക്കൽ ഫണ്ട് ഓഡിറ്റ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
കുഫോസ് ഓഡിറ്റ്, പനങ്ങാട്, കൊച്ചി.
തീയതി: 17.04.2013.

**കേരള ഫിഷറീസ് സമുദ്രപഠനസർവ്വകലാശാലയുടെ 2011-12 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (2010 -ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിയമം - വകുപ്പ് -65, 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13 -ാംവകുപ്പ്, 1996 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** }

1) **ടി. ഭാസി,** ജോയിന്റ് ഡയറക്ടർ, 21.05.2012 മുതൽ 25.12.2012 വരെ
2) **കെ.കെ.കുട്ടപ്പൻ,** ജോയിന്റ് ഡയറക്ടർ, 26.12.2012 മുതൽ 31.03.2013 വരെ.

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ** : 2011-12 വർഷത്തെ വരവു ചെലവ് കണക്കുകൾ.

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ 2011-12 വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സർവ്വകലാശാലയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച പ്ലാൻ / നോൺ പ്ലാൻ ഗ്രാന്റ്, ഐ.സി.എ.ആർ / ഡെവ. ഗ്രാന്റ്, ലൈബ്രറി / യു.ജി.സി ധനസഹായം എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

01.04.2011 മുതൽ 31.03.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും/ ഉദ്യോഗപ്പേരും |
|---|---|
| 26.05.2012 മുതൽ 20.02.2013 വരെ | ശ്രീ. എം.എം. മത്തായി, ഓഡിറ്റ് ഓഫീസർ(26.05.2012 മുതൽ) |
| | ശ്രീ. ആർ. പ്രദീപ്കുമാർ, സീനി.ഗ്രേഡ് ഓഡിറ്റർ (02.11.2012 മുതൽ) |
| | ശ്രീ. മനു. എം, സീനി.ഗ്രേഡ് ഓഡിറ്റർ (11.02.2013 മുതൽ) |

Local Fund Audit Department

**സർവ്വകലാശാല അധികാരികൾ**

| | | |
|---|---|---|
| വൈസ്ചാൻസലർ | : | പ്രൊഫ. ഡോ. ബി. മധുസൂദനകുറുപ്പ്,<br>01.04.2011 മുതൽ 31.03.2012 വരെ. |
| പ്രോ വൈസ് ചാൻസലർ | : | പ്രൊഫ. ഡോ. സി. മോഹനകുമാരൻ നായർ,<br>01.04.2011 മുതൽ 31.03.2012 വരെ. |
| ഡീൻ | : | ഡോ. കെ.വി. ജയചന്ദ്രൻ,<br>01.04.2011 മുതൽ 31.03.2012 വരെ |
| രജിസ്ട്രാർ | : | 1. ഡോ. ട്രീസ രാധാകൃഷ്ണൻ,<br>01.04.2011 മുതൽ 08.09.2011 വരെ.<br>2. ഡോ. ദേവികാ പിള്ള,<br>09.09.2011മുതൽ 09.01.2012 വരെ<br>3. ഡോ. എബ്രഹാം ജോസഫ്,<br>10.01.2012 മുതൽ 31.03.2012 വരെ. |
| ഫിനാൻസ് ഓഫീസർ | : | 1. ഡോ. വി. അമ്പിളികുമാർ,<br>01.04.2011 മുതൽ 03.08.2011 വരെ.<br>2. ശ്രീ. എം.ജെ. പ്രിൻസ്,<br>04.08.2011 മുതൽ 07.02.2012 വരെ.<br>3. ഡോ. എം.എസ്. രാജു,<br>08.02.2012 മുതൽ 31.03.2012 വരെ. |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ 4 ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഒരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം – 1 പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും സർവ്വകലാശാലയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**<u>ഭാഗം – 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

സർവ്വകലാശാലയുടെ ചെലവുകണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് പരാമർശങ്ങൾ.

**<u>ഭാഗം 4 – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

| **ഓഡിറ്റ് നിരീക്ഷണങ്ങൾ ഒറ്റനോട്ടത്തിൽ** |
|---|
| **ആമുഖം** |
| **ഭാഗം – 1**<br>**പൊതുഅവലോകനം** |
| സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ |
| ഗവേണിംഗ് കൗൺസിൽ |
| സെനറ്റ് |
| സ്റ്റാറ്റ്യൂട്ടിന്റെ അഭാവം |
| രജിസ്ട്രാറുടെ നിയമനം |
| സാമ്പത്തിക അധികാരം – നിർവ്വചിക്കുന്നില്ല. |
| **ഭാഗം –2**<br>**വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 2–1 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല |
| 2–2 ഫീസ് കളക്ഷൻ – രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. |
| 2–3 വാർഷിക കണക്ക് – നടപടി ക്രമം പാലിച്ചില്ല. |
| 2–4 വാർഷിക കണക്ക് – സമയബന്ധിതമായി ഹാജരാക്കിയില്ല. |

Local Fund Audit Department

| |
|---|
| 2-5 വാർഷിക കണക്കുകൾ - ആക്ടിലെ വ്യവസ്ഥകൾ പാലിച്ചില്ല. |
| 2-6 ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. |
| 2-7 ക്യാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല |
| 2-8 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനു പകരം കറണ്ട് അക്കൗണ്ട് ആരംഭിച്ചു - സർവ്വകലാശാലയ്ക്ക് പലിശ ഇനം നഷ്ടം രൂപ 167647/- |
| 2-9 സർവ്വകലാശാല അക്കൗണ്ട്സ് റൂൾ രൂപപ്പെടുത്തിയിട്ടില്ല |
| 2-10 ക്വാർട്ടേഴ്സ് വാടക ഈടാക്കിയിട്ടില്ല - നഷ്ടം 25900/- രൂപ |
| **ഭാഗം - 3**<br>**ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 3-1 വ്യാപന വിദ്യാഭ്യാസം - കർമ്മ പരിപാടി തയ്യാറാക്കിയിട്ടില്ല |
| 3-2 ചെലവ് - സർവ്വകലാശാല പരിശോധന അനിവാര്യം. |
| 3-3 ചെലവുകളിൽ അവ്യക്തത - ഫണ്ടിംഗ് ഏജൻസികളെ തെറ്റിദ്ധരിപ്പിക്കുന്നു. |
| 3-4 മുഴുവൻ സമയ ഫിനാൻസ് ഓഫീസറുടെ അഭാവം - സർവ്വകലാശാല യുടെ പ്രവർത്തനത്തെ ബാധിക്കുന്നു. |
| 3-5 സർവ്വകലാശാല ഉദ്യോഗസ്ഥർ/ജീവനക്കാർ - സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെട്ടിട്ടില്ല. |
| 3-6 വിരമിക്കൽ പ്രായം - നിയമ വ്യവസ്ഥ പുതുക്കൽ അനിവാര്യം |
| 3-7 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് - ഉയർന്ന നിരക്കിൽ നൽകി - പലിശയിന ത്തിൽ 5316/- രൂപയുടെ നഷ്ടം. |
| 3-8 സെക്യൂരിറ്റി ഏജൻസിക്ക് കൂടുതലായി തുക നൽകി - 4095/- രൂപ നഷ്ടം. |
| 3-9 വ്യക്തമായ ഉത്തരവിന്റെ അഭാവത്തിൽ തുക തടസ്സപ്പെടത്തുന്നു. രൂപ 1,49,450/- |
| 3-10 മുൻകൂർ കൈപ്പറ്റ് - തുക ചെലവാക്കിയില്ല - തിരിച്ചടവ് 1.86 ലക്ഷം |

Local Fund Audit Department

| | |
|---|---|
| 3-11 | സർവ്വകലാശാല ഏറ്റെടുത്ത സ്ഥലം പോക്കുവരവ് ചെയ്തില്ല. |
| 3-12 | സ്വകാര്യ വാഹനം വാടകയ്ക്ക് ഉപയോഗിച്ചു. യാത്രാ രേഖകകളുടെ അഭാവത്തിൽ രൂപ 5692/- നിരാകരിക്കുന്നു. |
| 3-13 | സ്വകാര്യ കാറുകൾ വാടകയ്ക്ക് എടുത്ത് യാത്ര നടത്തിയത്- 17500/- രൂപ നിരാകരിക്കുന്നു. |
| 3-14 | പ്രോജക്ട് - താല്കാലിക നിയമനം- മൂന്ന് വർഷ കാലയളവ് അധികരിക്കാവുന്നതല്ല |
| 3-15 | മാസ്റ്റർ പ്ലാൻ - രേഖകളുടെ അഭാവത്തിൽ 82454/- രൂപ തടസ്സപ്പെടുത്തുന്നു. |
| 3-16 | ബുക്ക് ബാങ്ക് സ്കീം – മാതൃകാപരം |
| 3-17 | ഓഫീസ് പാർട്ടീഷൻ പ്രവൃത്തി - നടപടിക്രമങ്ങൾ പാലിച്ചില്ല - 295680/- രൂപ തടസ്സപ്പെടുത്തുന്നു. |
| 3-18 | സാമ്പത്തിക ഭരണാധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകാത്തത് സംബന്ധിച്ച് |
| 3-19 | വിദ്യാർത്ഥികളുടെ എണ്ണം - കുറവ് പരിഹരിക്കുന്നതിനുള്ള നടപടി അനിവാര്യം. |
| 3-20 | സർവ്വകലാശാലയുടെ ആവശ്യാർത്ഥം ഏറ്റെടുത്ത ഭൂമി - ഉടമസ്ഥാവകാശത്തിന് നടപടി സ്വീകരിക്കാതിരുന്നത് അനുചിതം. |
| 3-21 | സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ല - പ്രാരംഭ തസ്തികയിൽ ജീവനക്കാരില്ല. |
| 3-22 | ഏഷ്യാ പസഫിക് - അക്വാകൾച്ചർ 2011 |
| 3-23 | വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം രൂപ 910069/- |
| 3-24 | ഫിഷറീസ് സ്റ്റേഷൻ പുതുവൈപ്പ് - ഓഡിറ്റ് നിരീക്ഷണങ്ങൾ. |
| 3-25 | പ്രവർത്തനാവലോകന റിപ്പോർട്ട് - അനുബന്ധം - 01.04.2012 മുതൽ 31.03.2013 വരെയുള്ളത്. |

Local Fund Audit Department

**ഭാഗം – 4**
**ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

4-1 (എ) ലഭ്യമായ ഗ്രാന്റ്  – 118216680/- രൂപ
പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല.
പ്രോവിഡന്റ് ഫണ്ട് – 41,81,380/-

| | | |
|---|---|---|
| സാമ്പത്തിക നില – ആകെ വരവ് | – | 174125581.00 |
| ആകെ ചെലവ് | – | 147215561.00 |
| നീക്കിബാക്കി | – | 26910020.00 |
| പണമാക്കാത്ത ചെക്കുകൾ | – | 69150273.00 |
| യഥാർത്ഥ നീക്കിയിരിപ്പ് | – | 26911748.00 |

ഓഡിറ്റ് ചാർജ്ജ് – 27694.00
അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് – 0070-60-110-99.

നഷ്ടം – ചാർജ്ജ് -സർച്ചാർജ്ജ് നടപടികൾക്ക് വിധേയമാവുന്നവ.

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 2-10 | 25900.00 | – | ഡോ. ബി. മധുസൂദനക്കുറുപ്പ്, വൈസ്ചാൻസലർ. |
| 3-8 | – | 4095.00 | ഡോ. ബി. മധുസൂദനക്കുറുപ്പ്, വൈസ്ചാൻസലർ. |
| 3-12 | – | 5692.00 | ഡോ. ട്രീസ രാധാകൃഷ്ണൻ, രജിസ്ട്രാർ. |
| 3-13 | – | 17500.00 | ഡോ. ട്രീസ രാധാകൃഷ്ണൻ, രജിസ്ട്രാർ. |

<u>ചെലവു തുക തടസ്സപ്പെടുത്തിയത്</u>

| ഖണ്ഡിക നം | തുക |
|---|---|
| 3-9 | 149450.00 |
| 3-15 | 82454.00 |
| 3-17 | 295680.00 |

Local Fund Audit Department

## ആമുഖം

കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല നിയമം 2010 -ന് (2011 -ലെ 5 -ാം ആക്ട്) അനുസൃതമായും ആക്ടിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന കർമ്മ പരിപാടികളുടെ സാക്ഷാത്കാരാർത്ഥവുമാണ് ഈ സർവ്വകലാശാല സ്ഥാപിതമായിരിക്കുന്നത്. 1971 -ലെ കേരള കാർഷിക സർവ്വകലാശാല നിയമം (1971 -ലെ 33 -ാം ആക്ട്) പ്രകാരം സ്ഥാപിതമായി കേരള സംസ്ഥാനമാകെ പ്രവർത്തിച്ചു വരുന്ന കേരള കാർഷിക സർവ്വകലാശാലയുടെ അവിഭാജ്യ ഘടകമായി പരിഗണിച്ചിരുന്ന ഫിഷറീസ് കോളേജ്, പനങ്ങാട്, എറണാകുളം; മത്സ്യ ഗവേഷണ കേന്ദ്രം പുതുവൈപ്പ്, എറണാകുളം എന്നിവയുടെ പ്രവർത്തനങ്ങളും കാര്യാലയങ്ങളും സംയോജിപ്പിച്ച് എറണാകുളം ജില്ലയിലെ കുമ്പളം പഞ്ചായത്തിലെ പനങ്ങാട് ദേശം കേന്ദ്ര ആസ്ഥാനമായി സ്ഥാപിതമായ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ പ്രവർത്തനം ജി.ഒ(പി) നം.50/2011 എഫ് & പി.ഡി തീയതി 10.05.2011 പ്രകാരം 01.04.2011 ന് സമാരംഭിച്ചു. സർവ്വകലാശാലയിൽ ബിരുദ/ബിരുദാനന്തര ബിരുദ പഠനം, ഗവേഷണവും പഠനവും എന്നിവയ്ക്കായി താഴെ വിവരിക്കുന്ന സ്കൂളുകൾ ഉൾപ്പെടെ ബോധനം നടത്തുന്നതിന് ആവശ്യമായേക്കാവുന്ന സ്ഥാപനവും സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആക്ട് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.

1. സ്കൂൾ ഓഫ് അക്വാകൾച്ചർ ആൻഡ് ബയോടെക്നോളജി.
2. സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആൻഡ് ഹാർവെസ്റ്റ് ടെക്നോളജി.
3. സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്ട്സ് ആൻഡ് ടെക്നോളജി.
4. സ്കൂൾ ഓഫ് ഫിഷറി എൻവയോൺമെന്റ്.
5. സ്കൂൾ ഓഫ് ഓഷ്യൻ സ്റ്റഡീസ് ആൻഡ് ടെക്നോളജി.
6. സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി.
7. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രീണർഷിപ്പ്.

മേൽ ലക്ഷ്യ പ്രാപ്തിക്കായി ഓഡിറ്റ് വർഷം വിവിധ കോഴ്സുകളിലായി ചുവടെ ചേർത്തിരിക്കുന്ന വിധം വിദ്യാർത്ഥി പ്രവേശനം നടത്തി പ്രവർത്തിച്ചു വരുന്നു.

Local Fund Audit Department

| കോഴ്സുകൾ | അനുവദിച്ചിരിക്കുന്ന ആകെ സീറ്റുകളുടെ എണ്ണം | പ്രവേശനം സിദ്ധിച്ച വിദ്യാർത്ഥികളുടെ എണ്ണം | പഠന കാലം | അദ്ധ്യാപകർ ആകെ | അനദ്ധ്യാപകർ ആകെ |
|---|---|---|---|---|---|
| **ബിരുദതലം**<br>ബി.എഫ്.എസ്.സി | 50 | 50 | 4 വർഷം | 22(*) + 8 (താത്കാലികം) = 30<br>====<br>(*) വിശദാംശം അനുബന്ധം 1 ശീർഷകത്തിൽ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. | 90 (*) |
| **ബിരുദാനന്തര ബിരുദം**<br>1 .എം.എഫ്.എസ്.സി | | | | | |
| എ. അക്വാകൾച്ചർ | 6 | 3 | | | |
| ബി. ഫിഷറി ബയോളജി & റിസോഴ്സ് മാനേജ്മെന്റ് | 4 | 4 | 2 വർഷം | | |
| സി. ഫിഷറി ഹൈഡ്രോഗ്രാഫി | 2 | – | | | |
| ഡി. ഫിഷ് പ്രോസസിംഗ് ടെക്നോളജി | 6 | 2 | | | |
| | ---<br>18<br>===== | ---<br>9<br>===== | | | |
| 2. എം.എസ്.സി | | | | | |
| എ. ബയോളജിക്കൽ ഓഷ്യനോഗ്രഫി & ബയോഡൈവേഴ്സിറ്റി. | 35 | – | 2 വർഷം | | |
| ബി. ഫിസിക്കൽ ഓഷ്യനോഗ്രാഫി & ഓഷ്യൻ നോസലിംഗ് | 35 | | | | |
| 3. എം.ബി.എ | 35 | – | 2 വർഷം | | |
| 4. ഗവേഷണം | | | | | |
| എ. അക്വാകൾച്ചർ | 2 | – | | | |
| ബി. ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് & ഹാർവെസ്റ്റ് ടെക്നോളജി. | 2 | 3 | 3 വർഷം | | |
| സി. ഫിഷ് പ്രോസസിംഗ് ടെക്നോളജി | 2 | 1 | | | |

Local Fund Audit Department

## ഭാഗം –1

## പൊതു അവലോകനം

ഈ സ്ഥാപനം 2010–ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിയമം പ്രകാരം സ്ഥാപിതമായി, 01.04.2011 മുതൽ പ്രവർത്തിച്ചു വരുന്നു. 1971 –ലെ കേരള കാർഷിക സർവ്വകലാശാലാ നിയമം പ്രകാരം സ്ഥാപിതമായി പ്രവർത്തിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുണ്ടായിരുന്ന എറണാകുളം പുതുവൈപ്പ് മത്സ്യഗവേഷണ കേന്ദ്രം, പനങ്ങാട് ഫിഷറീസ് കോളേജ് എന്നിവ സംയോജിപ്പിച്ചും അവയുടെ ആസ്തി ബാദ്ധ്യതകൾ മേൽ നിയമം വകുപ്പ് 73 ന് വിധേയമായി പുതിയ സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്തുമാണ് ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല പ്രവർത്തനം ആരംഭിക്കുന്നത്. പ്രാരംഭ പ്രവർത്തനങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല 2011 ഏപ്രിൽ മാസത്തിൽ തന്നെ 5,00,000/- രൂപ നൽകുകയുണ്ടായി.

### സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ

സർവ്വകലാശാല നിയമം 2010 വകുപ്പ് 5 –ൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെട്ടിരിക്കുന്നു. ആയത് ഫിഷറീസിലും സമുദ്രപഠനങ്ങളിലും അനുബന്ധ ശിക്ഷണ ശാഖകളിലും, ഗവേഷണത്തിലും വിദ്യാഭ്യാസം പ്രദാനം ചെയ്യുക, സ്കോളർഷിപ്പിന് വ്യവസ്ഥകൾ ചെയ്യുക, മേൽ വിഷയങ്ങളിൽ ശിക്ഷണത്തിന്റെയും ഗവേഷണ നടത്തിപ്പിന്റെയും പുരോഗതി അഭിവൃദ്ധിപ്പെടുത്തുക, വ്യാപന വിദ്യാഭ്യാസ കർമ്മപരിപാടി ഏറ്റെടുക്കുക, കാലാനുസൃതമായ പുതിയ കോഴ്സുകളും കരിക്കുലവും രൂപകൽപ്പന ചെയ്യുക, ദേശീയ അന്തർ ദേശീയ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുമായി ബന്ധം സ്ഥാപിക്കുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, ഫിഷറീസ് സമുദ്രപഠന മേഖലകളിൽ മാനവ വിഭവശേഷി വികസനത്തിനായി മികവിന്റെ കേന്ദ്രമാവുക, മേൽ മേഖലകളിൽ സംരഭകത്വം വളർത്തുക, പ്രോത്സാഹിപ്പിക്കുക, ഉത്പാദനക്ഷമത, പ്രതിരോധശക്തി, ഗുണമേന്മ എന്നീ വിധവും കേരളീയ പരിസ്ഥിതിയ്ക്ക് അനുയോജ്യവുമായ വളർത്തു മത്സ്യങ്ങൾ, ചെമ്മീൻ ഇനങ്ങൾ വളർത്തു കക്കകൾ എന്നിവയുടെ ഇനങ്ങളും സങ്കരയിനങ്ങുളം വികസിപ്പിക്കുക, കേരളീയ മത്സ്യ വൈവിധ്യം സംരക്ഷിക്കുക, പരമ്പരാഗത മത്സ്യ സാങ്കേതിക വിദ്യകളും നാട്ടറിവുകളും, സുസ്ഥിര മത്സ്യ സംരക്ഷണം പരിപാലനം, വികസനം എന്നിവയ്ക്ക് പഠനം നടത്തുക, മത്സ്യബന്ധനം അനുബന്ധ ആവാസ വ്യവസ്ഥ പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയിൽ ഗവേഷണം എന്നീ വിധം നിർവ്വചിക്കപ്പെട്ടിരിക്കുന്നു. മേൽ പ്രകാരമുള്ള

Local Fund Audit Department

ലക്ഷ്യപ്രാപ്തിക്ക് അനുയോജ്യമായ ഭൗതിക, സാമൂഹ്യ സാമ്പത്തിക സാഹചര്യം ഇനിയും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

## ഗവേണിംഗ് കൗൺസിൽ

സർവ്വകലാശാല നിയമം 2010 വകുപ്പ് 12 പ്രകാരം രൂപീകൃതമായിരിക്കുന്ന ഗവേണിംഗ് കൗൺസിലാണ് സർവ്വകലാശാലയുടെ പരമപ്രധാന ഭരണാധികാരസ്ഥാനം. പ്രതിമാസം ഒരു യോഗമെങ്കിലും ചേർന്നിരിക്കണമെന്നാണ് വ്യവസ്ഥ. 23 അംഗങ്ങളുള്ള ഈ കൗൺസിൽ ഓരോ നാലു വർഷം കൂടുമ്പോഴും പുന:സംഘടിപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രഥമ ഗവേണിംഗ് കൗൺസിൽ 16 അംഗങ്ങളെ ഉൾപ്പെടുത്തി 19.03.2012 –ലെ ജി.എസ്.5/957/2011 ഉത്തരവ് പ്രകാരം ബഹു.കേരള ഗവർണർ രൂപീകരിക്കുകയും 21.03.2012 ന് പ്രാബല്യത്തിൽ ജി.എ.2/1831/11/വോള്യം 2/21.3.2012 –ാം ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരം രൂപീകൃതമായിരിക്കുന്ന ഗവേണിംഗ് കൗൺസിലിന്റെ പ്രഥമയോഗം 28.03.2012 –ന് സർവ്വകലാശാല ആസ്ഥാനത്ത് ചേരുകയുണ്ടായി. ടി യോഗത്തിൽ 15 ജി.സി. അംഗങ്ങൾ ഹാജരായിരുന്നു(രജിസ്ട്രാറുടെ കത്ത് നം.ജി.എ.6/1117/2013/20.02.2013).

## സെനറ്റ്

സർവ്വകലാശാല നിയമം 2010 വകുപ്പ് 10 –ൽ സർവ്വകലാശാലയുടെ സർവ്വതോന്മുഖമായ പുരോഗതി, വികസനം, വാർഷിക കണക്ക്, ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ പരിഗണിച്ച് അഭിപ്രായം രേഖപ്പെടുത്തൽ, കോൺവോക്കേഷൻ എന്നിവയുൾപ്പെടെയുള്ള നടപടികൾക്ക് സെനറ്റ് ആവശ്യമാകുന്നു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെനറ്റ് നാളിതുവരെ രൂപീകരിച്ചിട്ടില്ല. സർവ്വകലാശാലയുടെ പൊതുവായ നയങ്ങളും പരിപാടികളും ആവിഷ്കരിക്കൽ, പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടതായ നടപടി നിർദ്ദേശങ്ങൾ, വാർഷിക റിപ്പോർട്ട്, വാർഷിക കണക്ക്, ഓഡിറ്റ് റിപ്പോർട്ട്, വികസന പദ്ധതികൾ തുടങ്ങിയവ പരിഗണിച്ച് ശുപാർശ നൽകൽ എന്നിങ്ങനെയാണ് സെനറ്റിന്റെ അധികാരങ്ങൾ. കൂടാതെ പഠിതാക്കൾക്ക് പഠനാനന്തരം ബന്ധപ്പെട്ട വിഷയത്തിൽ ഡിഗ്രി/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി അനുവദിച്ചു നൽകേണ്ടതായ ഉത്തരവാദിത്വം സെനറ്റിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. സെനറ്റ് രൂപീകരണം യഥാസമയം നടത്താത്തതിനാൽ മേൽ പ്രസ്താവിച്ച വിധമുള്ള നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിനും അവലോകനം നടത്തുന്നതിനും സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. തന്നെയുമല്ല കോൺവൊക്കേഷൻ നടപടികൾ വൈകുന്നതും വിദ്യാർ

Local Fund Audit Department

ത്ഥികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇപ്രകാരമുള്ള വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സർവ്വകലാശാല സ്വീകരിക്കേണ്ടതാകുന്നു.

**<u>സ്റ്റാറ്റ്യൂട്ടിന്റെ അഭാവം</u>**

2010 -ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിയമം പ്രകാരം സർവ്വകലാശാലയുടെ വിവിധ അധികാര സ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത് സ്റ്റാറ്റ്യൂട്ടുകൾ മുഖേനയാണ്. സ്റ്റാറ്റ്യൂട്ടുകൾ ചമയ്ക്കുന്നതിനുള്ള അധികാരം മേൽ നിയമം വകുപ്പ് 66 അനുസരിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമാകുന്നു. എന്നാൽ പ്രഥമ സ്റ്റാറ്റ്യൂട്ട് സർക്കാർ പുറപ്പെടുവിക്കേണ്ടതാണെന്ന് വകുപ്പ് 67, 78 എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 20.11.2010 -ൽ സ്ഥാപിതമായ ഈ സ്ഥാപനം 01.04.2011 മുതൽ പ്രവർത്തനം ആരംഭിച്ചു എങ്കിലും പ്രഥമ സ്റ്റാറ്റ്യൂട്ട് നാളിതു വരെ പുറപ്പെടുവിച്ചിട്ടില്ല. തന്മൂലം സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രവേശനം, അധികാര സ്ഥാനങ്ങൾ, ഫെലോഷിപ്പ്/സ്കോളർഷിപ്പ്, ഗവേണിംഗ്/അക്കാദമിക് കൗൺസിൽ അധികാരം, ഫാക്കൽറ്റി നിയമനം, അധികാരം, വൈസ് ചാൻസലറുടെ അധികാരം, സേവനവേതന വ്യവസ്ഥകൾ, രജിസ്ട്രാറുടെ ശമ്പളവും ബത്തകളും, യോഗ്യത, നിയമനം എഞ്ചിനീയറുടെ യോഗ്യത, നിയമനം, ശമ്പളവും ബത്തകളും, പരീക്ഷ കൺട്രോളർ നിയമനം, ഇതര ഉദ്യോഗസ്ഥർ/ജീവനക്കാരുടെ അധികാരങ്ങൾ, കർത്തവ്യങ്ങൾ സേവനവ്യവസ്ഥകൾ തുടങ്ങിയവ എല്ലാം സ്റ്റാറ്റ്യൂട്ടിന് വിധേയമായിരിക്കേണ്ടതാണെങ്കിലും ആയതിന്റെ അഭാവം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

Local Fund Audit Department

**<u>രജിസ്ട്രാറുടെ നിയമനം</u>**

സർവ്വകലാശാല നിയമം 2010 വകുപ്പ് 37 -ൽ രജിസ്ട്രാറെ സ്റ്റാറ്റ്യൂട്ടിനു വിധേയമായി ഗവേണിംഗ് കൗൺസിൽ നിയമിക്കേണ്ടതാണെന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും രജിസ്ട്രാറുടെ അക്കാദമിക് ഉൾപ്പെടെയുള്ള യോഗ്യത നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നു കാണുന്നു. 2011 -ലെ 3 -ാം ആക്ട് പ്രകാരം സ്ഥാപിതമായിരിക്കുന്ന കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല നിയമം 2010 -ൽ പ്രകാരം പ്രസ്തുത സർവ്വകലാശാല രജിസ്ട്രാറുടെ യോഗ്യത നിർവ്വചിക്കപ്പെട്ടിട്ടുണ്ട് എന്നത് ഇവിടെ പ്രസക്തമാകുന്നു. സമാന മേഖലയിൽ യോഗ്യതാമാനദണ്ഡങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല രജിസ്ട്രാറുടെ അക്കാദമിക് ഉൾപ്പെടെയുള്ള യോഗ്യത നിശ്ചയിക്കേണ്ടത് അനിവാര്യമാകുന്നു.

**സാമ്പത്തിക അധികാരം നിർവ്വചിക്കുന്നില്ല.**

2010 -ലെ ഫിഷറീസ് സർവ്വകലാശാല നിയമത്തിൽ സർവ്വകലാശാല ഉദ്യോഗസ്ഥരുടെ അധികാരം നിർവ്വചിക്കുന്നുണ്ടെങ്കിലും സാമ്പത്തിക അധികാരം നിർണ്ണയിച്ചു കാണുന്നില്ല. ഈ അപാകത മൂലം എല്ലാ ചെലവ് അനുമതിയും വൈസ് ചാൻസലറിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് സാമ്പത്തിക അധികാരം ഉദ്യോസ്ഥ തലത്തിൽ അടിയന്തിരമായി വികേന്ദ്രീകരിക്കേണ്ടതാണ്.

**ഭാഗം -2**

**വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

**2-1 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല.**

സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ചതാണെങ്കിലും സർവ്വകലാശാലയുടെ നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും അനുസൃതമായ നയരൂപീകരണത്തിൽ ബഡ്ജറ്റിന് പ്രാധാന്യമുണ്ട്. ഓരോ വരവും ചെലവും പ്രത്യേകം അക്കൗണ്ട് ഹെഡിലൂടെ നിരീക്ഷണ വിധേയമാക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാകുന്നു. ഏതെല്ലാം സ്ഥാപനങ്ങൾ, കോഴസുകൾ, ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു എന്നതും ബഡ്ജറ്റിൽ വകയിരുത്തൽ എത്രയെന്നും അതിന് അനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഈ നടപടിക്രമം സഹായകരമാകുന്നതാണ്. 01.04.2011 ന് പ്രവർത്തനം ആരംഭിച്ച ഈ സർവ്വകലാശാല 2011-2012 സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായിരിക്കുന്ന ബഡ്ജറ്റ് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയതു ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങൾ അംഗീകരിക്കുകയോ, തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാകുന്നു. ബഡ്ജറ്റിന് സമാനമായി ഹാജരാക്കിയിരിക്കുന്ന പത്രികകൾ പ്രകാരം വിവിധ വരവ് ചെലവ് ഹെഡുകളിലേയ്ക്ക് പ്രതീക്ഷിത വരവ് ചെലവ് ഇനങ്ങളിൽ 1183.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അനിവാര്യമായ ബഡ്ജറ്റ് നടപടികൾ മേലിൽ സ്വീകരിക്കേണ്ടതാകുന്നു.

ഹാജരാക്കിയിരിക്കുന്ന രേഖകൾ പ്രകാരം പ്രധാന വരവ് ചെലവ് ഇനങ്ങളിലെ വകയിരുത്തൽ, യഥാർത്ഥ വരവ്, ചെലവ് എന്നിവ താഴെ വിവരിക്കുന്നു.

Local Fund Audit Department

**വരവ് ഇനങ്ങൾ**

| ക്രമ നം | ഇനം | പ്രതീക്ഷിത വരവ് (രൂപ ലക്ഷത്തിൽ) | യഥാർത്ഥ വരവ് (രൂപ ലക്ഷ ത്തിൽ) |
|---|---|---|---|
| 1. | കേരള സർക്കാർ ധനസഹായം - പ്ലാൻ | 500.00 | 496.93 |
| 2. | കേരള സർക്കാർ ധനസഹായം - നോൺ പ്ലാൻ | 500.00 | 500.00 |
| 3. | ഐ.സി.എ.ആർ സഹായം - പ്ലാൻ | 28.71 | 5.39 |
| 4. | വിവിധ സ്കീം/പ്രോജക്ട് ധനസ ഹായം | 33.91 | 4.37 |
| 5. | കേരള കാർഷിക സർവ്വകലാശാല ധന സഹായം | 55.00 | 55.00 |
| 6. | ഡെവലപ്മെന്റ് ഗ്രാന്റ് | 300.00 | 200.00 |
| 7. | ലൈബ്രറി ഗ്രാന്റ് | 30.00 | 30.00 |
| 8. | യു.ജി.സി. ധനസഹായം | 250.00 | 185.00 |

Local Fund Audit Department

**ചെലവ് ഇനങ്ങൾ**

| ക്രമ നം | ഇനം | പ്രതീക്ഷിത ചെലവ് (രൂപ ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | ശമ്പളവും ബത്തയും | 564.50 | 538.58 |
| 2. | വേതനം | 23.00 | 19.07 |
| 3. | വിദ്യാർത്ഥി സേവനം, സ്കോളർഷിപ്പ് തുടങ്ങിയവ | 9.74 | 9.48 |
| 4. | പ്ലാൻ | 462.5 | 462.17 |
| 5. | പ്രോജക്ട്/സ്കീം | 47.62 | 43.17 |
| 6. | യു.ജി.സി. ധനസഹായം | 250.00 | 185.00 |

## 2–2 ഫീസ് കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വിദ്യാർത്ഥികളിൽ നിന്നും വിവിധ ഫീസ് ഇനത്തിൽ 7,34,465/– രൂപ ഈടാക്കിയതായി കാണുന്നു. എന്നാൽ ഈടാക്കിയിരിക്കുന്ന തുകയുടെ വിശദാംശം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. നിലവിൽ വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന ഫീസിന്റെ വിവരം ഫിനാൻസ് സെക്ഷനിൽ ആർ.ഡി.ആർ(രജിസ്റ്റർ ഓഫ് ഡെയ്‌ലി റെസീപ്റ്റ്സ്) –ൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഫീസ് കളക്ഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ ഫീസിനത്തിൽ ലഭിക്കേണ്ട തുക യഥാസമയം പൂർണ്ണമായും ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളിൽ നിന്നും വിവിധ ഇനം ഫീസുകൾ ഈടാക്കേണ്ടത് അനിവാര്യമാണ്. ആയത് യഥാവിധി കണക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ച്, പഠനം പൂർത്തീകരിച്ചും അല്ലാതെയും സ്ഥാപനം വിട്ടുപോകുന്ന അവസരത്തിൽ പഠിതാക്കളിൽ നിന്നും ഫീസ് ഇനത്തിൽ തുക ഒന്നും തന്നെ ഈടാക്കുവാനില്ല എന്നത് ഇപ്രകാരം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ആയത് നിരീക്ഷിക്കുന്ന സംവിധാനം ഒന്നും തന്നെ സർവ്വകലാശാല ഏർപ്പെടുത്തിക്കാണുന്നില്ല. ഈ അപാകത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സർവ്വകലാശാല കൈക്കൊള്ളേണ്ടതാണ്.

## 2–3 വാർഷിക കണക്ക് – നടപടിക്രമം പാലിച്ചില്ല – യഥാസമയം സമർപ്പിച്ചില്ല – നിയമ വിരുദ്ധം.

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാ നിയമം വകുപ്പ് 38 – 3 ൽ സർവ്വകലാശാലയുടെ ബജറ്റ് കണക്കുകളുടെ പത്രിക, ബാലൻസ് ഷീറ്റ് തുടങ്ങിയവ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ തയ്യാറാക്കി വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. വൈസ് ചാൻസലർ ആയത് തുടർനടപടിക്കായി ഗവേണിംഗ് കൗൺസിലിന് സമർപ്പിക്കണമെന്ന് മേൽ നിയമം വകുപ്പ് 34–5 –ൽ അനുശാസിക്കുന്നുണ്ട്. കൂടാതെ പരാമർശിത നിയമം വകുപ്പ് 64 –ൽ ഫിനാൻസ് കമ്മിറ്റി മേൽ രേഖകൾ പരിശോധിച്ച് യുക്തമായ ശുപാർശകൾ ഗവേണിംഗ് കൗൺസിലിന് നൽകണമെന്നും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം തയ്യാറാക്കിയ വാർഷിക കണക്ക് മേൽ നിയമം 65–2 ന് വിധേയമായി ഓഡിറ്റ് ആവശ്യാർത്ഥം സർക്കാരിന് സമർപ്പിക്കേണ്ടതായ ഉത്തരവാദിത്വം വൈസ് ചാൻസലറിൽ നിക്ഷിപ്തമാകുന്നു. എന്നാൽ 2011–12 –ലെ വാർഷിക കണക്ക് ഈ വിധമുള്ള നടപടികൾ ഒന്നും സ്വീകരിക്കാതെയാണ് ഫിൻ–2/5267/12/17.11.2012 കത്തു സഹിതം സർവ്വകലാശാല രജിസ്ട്രാർ 19.11.2012 – ന് ഓഡിറ്റിന് നേരിട്ട് ഹാജരാക്കിയിരിക്കുന്നത്. ആയത് പരിശോധി

Local Fund Audit Department

ച്ചതിൽ സർവ്വകലാശാല നിയമം അനുശാസിക്കുന്ന ബാലൻസ് ഷീറ്റ് തയ്യാറാക്കുകയോ, വാർഷിക കണക്കിനൊപ്പം ഉള്ളടക്കം ചെയ്തതായോ കാണുന്നില്ല. മുകളിൽ പരാമർശിച്ചിരിക്കുന്നവിധം വകുപ്പ് 65 – 2 ന് വിധേയമായി വാർഷിക കണക്ക് അനുബന്ധ രേഖകൾ സഹിതം ബഹു. സർക്കാരിന് സമർപ്പിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഇവയെല്ലാം തന്നെ മേൽ പരാമർശിത നിയമങ്ങളുടെ ലംഘനമാകുന്നു. നിയമലംഘന നടപടികൾ ഒഴിവാക്കേണ്ടതും വ്യവസ്ഥാപിതമായ രീതിയിൽ കണക്കുകൾ തയ്യാറാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2–4 <u>വാർഷിക കണക്ക് സമയബന്ധിതമായി ഹാജരാക്കിയില്ല.</u>

Local Fund Audit Department

സർവ്വകലാശാലാ നിയമത്തിൽ വാർഷിക കണക്കുകളുടെ സമർപ്പണത്തിന് വ്യക്തമായ സമയക്രമം നിർദ്ദേശിക്കുന്നില്ല എങ്കിലും 1994 –ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9–1, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 – ചട്ടം 15 (1) എ, സി എന്നിവയിൽ ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം അതായത് ഓരോ വർഷവും ജൂലൈ 31 –ന് മുമ്പ് ഓഡിറ്റ് സ്ഥാപനത്തിന്റെ വാർഷിക കണക്ക് നിയമം അനുശാസിക്കുന്ന എല്ലാ രേഖകൾ സഹിതം ഓഡിറ്റ് അതോറിറ്റിക്ക് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ജി.ഒ(എം.എസ്)126/12/ഫിൻ 17.2.2012 ഉത്തരവ് പ്രകാരം കേരള ഫിഷറീസ് സമുദ്രപഠനസർവ്വകലാശാലയിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കൺകറന്റ് ഓഡിറ്റ് ഓഫീസ് അനുവദിച്ച് 21.05.2012 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994, വകുപ്പ് 3–1 പ്രകാരമുള്ള പട്ടികയിൽ ഈ സ്ഥാപനവും ഉൾപ്പെടുമെന്നതിനാൽ സർവ്വകലാശാലയുടെ 2011–12 –ലെ വാർഷിക കണക്ക് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 – ചട്ടം 15(1) എ,സി –യിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രേഖകൾ സഹിതം 31.07.2012 ന് മുമ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതായിരുന്നു. മേൽ നിബന്ധനകൾ പാലിക്കാതെ 19.11.2012 നാണ് 2011–12 –ലെ വാർഷിക കണക്ക് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിരിക്കുന്നത്. വാർഷിക കണക്കിനൊപ്പം ഹാജരാക്കേണ്ടിയിരുന്ന രേഖകൾ ഒന്നും തന്നെ ഉള്ളടക്കം ചെയ്തിരുന്നതുമില്ല. മേൽ നടപടികൾ പരാമർശിത നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാകുന്നു. വാർഷിക കണക്കുകൾ യഥാവിധി സമർപ്പിക്കുന്നതിൽ സർവ്വകലാശാല ശ്രദ്ധിക്കേണ്ടതും, നിയമലംഘനം ഒഴിവാക്കുന്നതിന് ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുമാകുന്നു. ഹാജരാക്കിയിരിക്കുന്ന വാർഷിക കണക്കു പ്രകാരം 2011–12 –ലെ ആകെ വരവ് ചെലവുകൾ യഥാക്രമം 17,41,25,581/– രൂപയും 14,72,15,561/– രൂപയും നീക്കി ബാക്കി 2,69,10,020/– രൂപയും ആകുന്നു.

## 2–5 വാർഷിക കണക്കുകൾ തയ്യാറാക്കിയതിലെ അപാകതകൾ സംബന്ധിച്ച് – ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

കുഫോസ് ആക്ട് സെക്ഷൻ 65 പ്രകാരം സർവ്വകലാശാലയിലേയ്ക്ക് വന്നു ചേർന്നതോ അല്ലെങ്കിൽ സ്വീകരിച്ചതോ ആയ എല്ലാ തുകകളും സർവ്വകലാശാല വിതരണം ചെയ്തതും കൊടുത്തതുമായ എല്ലാ സംഖ്യകളും സർവ്വകലാശാലയുടെ കണക്കൽ ചേർക്കേണ്ടതാണ്. സർവ്വകലാശാല ഓഡിറ്റിനായി ഹാജരാക്കിയിരിക്കുന്ന വാർഷിക കണക്കുകളിൽ മേൽ സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ എല്ലാ വരവുകളും ചെലവുകളും ഉൾപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലയുടെ തനതു വരുമാനമായ ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീസ്, ഫലവൃക്ഷങ്ങൾ, മൽസ്യം എന്നീ ഇനങ്ങളിലുള്ള വരവ്, സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. മേലിൽ ഓഡിറ്റിനു നൽകുന്ന വാർഷിക കണക്കുകൾ കുഫോസ് ആക്ട് സെക്ഷൻ 65 –ൽ പറയുന്ന നിബന്ധനകൾ പ്രകാരം ആയിരിക്കേണ്ടതാണ്.

സർവ്വകലാശാല വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, എക്സാമിനേഷൻ ഫീ എന്നിങ്ങനെ വിവിധ തരത്തിലുള്ള ഫീസുകൾ ഈടാക്കുന്നുണ്ട്. പ്രസ്തുത ഫീസുകൾ സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം തയ്യാറാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ഇത് 1996 –ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(1) എ, സി എന്നിവയുടെ ലംഘനമാണ്. മേലിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുമ്പോൾ പരാമർശത്തിൽ സൂചിപ്പിക്കുന്ന അപാകതകൾ പരിഹരിച്ച് ഡി.സി.ബി പത്രികകൾ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. കൂടാതെ 2011–12 വർഷത്തെ എല്ലാ വരവുകളും ചെലവുകളും ഉൾപ്പെടുത്തി പുതുക്കിയ വാർഷിക കണക്കുകൾ തയ്യാറാക്കി ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടു കൂടി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## 2–6 ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

29.12.1992 –ലെ ജി.ഒ(പി)1107/92 ഫിൻ നം. ഉത്തരവിന്റെയും കെ.എസ്.ആർ. പാർട്ട് 111 റൂൾ 142 ന്റെയും അടിസ്ഥാനത്തിൽ 01.04.1993 മുതൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർക്ക് ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് യൂണിവേഴ്സിറ്റിയിലെ സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഉദ്യോഗസ്ഥരുടെ സേവന വേതന വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു രജിസ്റ്റർ യൂണിവേഴ്സിറ്റിയിൽ എഴുതി സൂക്ഷിക്കുന്നില്ല.



Local Fund Audit Department

യൂണിവേഴ്സിറ്റിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേഴ്സണ്‍ ഫയൽ മാത്രമാണ് സൂക്ഷിക്കുന്നത്. ജീവനക്കാരെ സംബന്ധിച്ച പൂർണ്ണമായ സേവന വിവരങ്ങൾ ഈ ഫയലിൽ ലഭ്യമല്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-7 **ക്യാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.**

സർവ്വകലാശാലയിൽ ക്യാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കേരള ട്രഷറി കോഡ് പാർട്ട് 3, റൂൾ 92 പ്രകാരം ടി.ആർ-7 എ ക്യാഷ് ബുക്ക് വേണം ഉപയോഗിക്കേണ്ടത്. എല്ലാ സാമ്പത്തിക ഇടപാടുകളും ക്യാഷ് ബുക്കിൽ രേഖപ്പെടു ത്തേണ്ടതും ഓരോ ദിവസവും കണക്ക് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് രേഖപ്പെടുത്തേ ണ്ടതും മേലുദ്യോഗസ്ഥർ ആയത് പരിശോധിക്കേണ്ടതുമാണ്. മാസാവസാനം നീക്കി യിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി പ്രതിമാസ അക്കൗണ്ടുകൾ തയ്യാ റാക്കേണ്ടതാണ്. സർക്കുലർ നം. 17/03 ഫിൻ തീയതി 20.01.2003 പ്രകാരം ഒരു ഓഫീ സിന് ഒരു ക്യാഷ് ബുക്ക് മാത്രമാണ് ഉണ്ടായിരിക്കേണ്ടത്. എല്ലാ അലോട്ട്മെന്റുകളും, ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് മുതലായവ എല്ലാം പ്രസ്തുത ക്യാഷ്ബുക്കിൽ രേഖപ്പെടു ത്തേണ്ടതുമാണ്.

സർവ്വകലാശാലയ്ക്ക് ഗ്രാന്റിനത്തിൽ ലഭിച്ച തുകകളും, മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങളും യാതൊരു രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. 2011-12 വർഷത്തെ മാസ്റ്റർ രജിസ്റ്ററിലെ തുകയുടെ കൃത്യത സർവ്വകലാശാലാധികൃതർ പരിശോ ധിക്കുകയോ ആയത് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. സർവ്വകലാശാലയെ സംബന്ധിച്ച് 2011-12 സാമ്പത്തിക വർഷത്തെ മൊത്തം വരവും ചെലവും കണക്കാക്കണമെങ്കിൽ നിരവധി രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കേ ണ്ടതായ സാഹചര്യമാണുള്ളത്. ഭാവിയിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ക്യാഷ്ബുക്ക് എഴുതി തയ്യാറാക്കേണ്ടതും ആയതിന് ഫിനാൻസ് ഓഫീസർ വ്യക്തിപര മായി ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 2-8 **സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനു പകരമായി കറന്റ് അക്കൗണ്ട് തുടങ്ങിയതു മൂലം പലിശയിനത്തിൽ സർവ്വകലാശാലയ്ക്ക് 167,647/- രൂപ നഷ്ടം സംഭവി ച്ചു.**

01.04.2011 മുതലാണ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി തന്നെ പ്രധാന പദവികളിലേയ്ക്ക് ഉദ്യോഗ സ്ഥരെ നിയമിക്കുകയുണ്ടായി. രജിസ്ട്രാറായി നിയമിതയായ ഡോ. ട്രീസ രാധാകൃ



Local Fund Audit Department

ഷ്ണൻ സർവ്വകലാശാലയ്ക്കു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വൈറ്റില ശാഖയിൽ 21.03.2011 -ൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കുകയുണ്ടായി. (അക്കൗണ്ട് നം. 67144104226) സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനു പകരമായി കറന്റ് അക്കൗണ്ട് തുടങ്ങിയതു മൂലം സർവ്വകലാശാലയ്ക്ക് പലിശയിനത്തിൽ 167647/- രൂപ നഷ്ടം വന്നിട്ടുണ്ട്. 15.12.2011 -ൽ കറന്റ് അക്കൗണ്ട് നിർത്തലാക്കി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുകയും കറന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തു(അക്കൗണ്ട് നം.67167440116). രജിസ്ട്രാർ മറ്റ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഒരു തീരുമാനമെടുത്തിരുന്നുവെങ്കിൽ പലിശയിനത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം ഒഴിവാക്കാമായിരുന്നു. നഷ്ടത്തിന്റെ വിവരം അനുബന്ധം 2 ആയി റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

## 2-9 <u>സർവ്വകലാശാല അക്കൗണ്ട്സ് റൂൾ രൂപപ്പെടുത്തിയിട്ടില്ല.</u>

Local Fund Audit Department

01.04.2011-ൽ സർവ്വകലാശാല നിലവില വന്നതാണെങ്കിലും നാളിതുവരെ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പുറപ്പെടുവിച്ചിട്ടില്ല. അതു കൊണ്ടു തന്നെ സർവ്വകലാശാലയ്ക്ക് നിയതമായ ഒരു അക്കൗണ്ട്സ് റൂൾ നിലവിലില്ല. കേരള സർവ്വീസ് റൂൾസ്, കേരള ട്രഷറി കോഡ്, കേരള ഫിനാൻഷ്യൽ കോഡ്, പി.ഡബ്ലിയൂ.ഡി മാന്വൽ, സ്റ്റോർ പർച്ചേയ്സ് മാന്വൽ, ബഡ്ജറ്റ് മാന്വൽ എന്നിങ്ങനെയുള്ള ഗവൺമെന്റ് അക്കൗണ്ട്സ് റൂൾ അംഗീകരിച്ചുകൊണ്ടുള്ള ഒരു തീരുമാനവും സർവ്വകലാശാല എടുത്തതായി കാണുന്നില്ല. സർവ്വകലാശാലയിൽ യാതൊരു വിധ അംഗീകൃത അക്കൗണ്ട്സ് റൂളും ഇല്ലാത്ത ഒരു സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ സ്റ്റാറ്റ്യൂട്ട് നിലവിൽ വരുന്നതു വരെ ഗവ: റൂൾസ് അനുവർത്തിക്കുന്നതിനുള്ള തീരുമാനം ഗവേണിംഗ് കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-10 <u>ക്വാർട്ടേഴ്സ് വാടക ഈടാക്കിയിട്ടില്ല. സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം 25900/- രൂപ.</u>

ക്വാർട്ടേഴ്സ് ഫയൽ (നം.ജി.എ 5/32/11) പരിശോധിച്ചതിൽ അസോസിയേറ്റ് പ്രൊഫ. ശ്രീ. എസ്. കൃഷ്ണകുമാർ താമസിച്ചിരുന്ന IV/4 നം. ക്വാർട്ടേഴ്സ് 31.07.2011 -ൽ അദ്ദേഹം ഒഴിയുകയും പ്രസ്തുത ക്വാർട്ടേഴ്സ് വൈസ്ചാൻസലറുടെ ശുപാർശയുടെഅടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളിയായ ശ്രീ. റ്റി.പി. പുരുഷന് 24.08.2011 -ലെ നടപടിക്രമം പ്രകാരം താൽക്കാലികമായി താമസിക്കുന്നതിനു വേണ്ടി അനുവദിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ ശ്രീ. റ്റി.പി. പുരുഷൻ ഇപ്പോഴും ടി ക്വാർട്ടേഴ്സിൽ താമസിച്ചു വരുന്നതായി കാണുന്നു.

സർവ്വകലാശാലയിലെ ഒരോ വിഭാഗം ജീവനക്കാർക്കും വിവിധ തരത്തിലുള്ള ക്വാർട്ടേഴ്സ് ആണ് നിലവിലുള്ളത്. ടൈപ്പ് V ക്വാർട്ടേഴ്സിന് 3,700/- രൂപയും ടൈപ്പ് IV ക്വാർട്ടേഴ്സിന് 3,000/-രൂപയും ടൈപ്പ് II ക്വാർട്ടേഴ്സിന് 1,850/- രൂപയുമാണ് പ്രതിമാസ വാടകയായി സർവ്വകലാശാല ഈടാക്കിയിരുന്നത്. ക്ലാസ് IV ജീവനക്കാർക്ക് പ്രതേകം ക്വാർട്ടേഴ്സാണ് നിലവിലുള്ളത്. അവരിൽ നിന്നും വാടക ഈടാക്കുന്നതുമില്ല. നില വിൽ ഡീൻ, പ്രൊഫസർ, അസോ.പ്രൊഫസർ എന്നിവർക്ക് അർഹതപ്പെട്ട ക്വാർട്ടേഴ്സി ലാണ് ശ്രീ. പുരുഷൻ ഇപ്പോഴും കഴിയുന്നത്. താൽക്കാലികമായി അനുവദിച്ച ക്വാർട്ടേ ഴ്സിൽ 17 മാസമായി വാടകയില്ലാതെ താമസിച്ചിട്ടും ഉചിതമായ നടപടി സ്വീകരിക്കാതി രിക്കുന്നത് സർവ്വകലാശാല അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് കാണുന്നു. കൂടാതെ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത ക്വാർട്ടേഴ്സിന്റെ ഒരു മുറി യിൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞുപോയ അസോസിയേറ്റ് പ്രൊഫ.ശ്രീ. കൃഷ്ണകുമാറിന്റെ ഫർണിച്ചർ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. 3,700/- രൂപ വാടകയുള്ള ക്വാർട്ടേ ഴ്സിന്റെ ഒരു മുറി ഫർണിച്ചർ സൂക്ഷിക്കാനായി സർവ്വകലാശാല നൽകിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. സർവ്വകലാശാലയിലെ ക്യാമ്പസ് ഓഫീസ റുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഇതിനെ ഓഡിറ്റ് കാണുന്നു.

3,700/- രൂപ വാടകയുള്ള ക്വാർട്ടേഴ്സ് സൗജന്യമായി നൽകിയതു മൂലം 01.09.2011 മുതൽ 31.03.2012 വരെയുള്ള കാലയളവിൽ (7 × 3700) 25,900/- രൂപ സർവ്വക ലാശാലയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ക്വാർട്ടേഴ്സിൽ അനർഹരായി താമസിക്കുന്ന അന്തേവാ സികളെ ഒഴിവാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും, സർവ്വക ലാശാലയ്ക്ക് വാടകയിനത്തിൽ തുക കിട്ടാനുണ്ടെങ്കിൽ ആയത് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം – 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വ്യാപന വിദ്യാഭ്യാസം - കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല.

2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിയമത്തിൽ വ്യാപന വിദ്യാഭ്യാസത്തിനും അതീവ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. മത്സ്യബ ന്ധനവും സമുദ്രപഠനങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മത്സ്യ ത്തൊഴിലാളികൾ മത്സ്യ കർഷകർ മത്സ്യബന്ധനം നടത്തുന്ന ഇതര സംഘങ്ങൾ എന്നി

Local Fund Audit Department

വർക്ക് ലഭ്യമാക്കുന്നതിനൊപ്പം തന്നെ ആധുനിക രീതിയിലുള്ള മത്സ്യബന്ധനം, മത്സ്യ ഉത്പാദനം, സംസ്കരണം, വിപണനം തുടങ്ങിയവയിലും ആധുനിക സാങ്കേതിക വൈദഗ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ ഘട്ട പരിശീലന വിദ്യാഭ്യാസം ലഭ്യ മാക്കുന്നതിന് സംവിധാനം ഒരുക്കുക എന്നതും സർവ്വകലാശാലയുടെ ഉത്തരവാദി ത്വവും കർമ്മപരിപാടിയുമായി മേൽ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സർവ്വക ലാശാലയിൽ റെഗുലർ വിദ്യാർത്ഥികളായി ചേർന്നിട്ടില്ലാത്ത ഫീൽഡ് വർക്കേഴ്സ്, ഗ്രാമീണർ, ഇതര വിഭാഗങ്ങൾ എന്നിങ്ങനെയുള്ളവർക്ക് വേണ്ടി പ്രഭാഷണങ്ങൾ/ പ്രബോധനങ്ങൾ നടത്തുക, പരിശീലനം നടത്തുക, അപ്രകാരം പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ സാക്ഷ്യപത്രം നൽകുക എന്നതും സർവ്വകലാശാല യുടെ അധികാരവും ചുമതലയുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വ്യാപന വിദ്യാഭ്യാസ ആവശ്യത്തിലേയ്ക്ക് പരീക്ഷണശാലകൾ, ഗ്രന്ഥശാലകൾ, ഗവേഷണ ഗ്രന്ഥങ്ങൾ, മത്സ്യ ഫാമുകൾ, മ്യൂസിയങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക, പരിപാലിക്കുക എന്നി വയും സർവ്വകലാശാലയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഈ ദിശയിൽ സർവ്വ കലാശാല നിയമത്തിന് അനുസൃതമായ കർമ്മ പരിപാടി തയ്യാറാക്കിയതിന്റെയും സ്വീ കരിച്ച നടപടികളുടേയും വിശദാംശം ഹാജരാക്കുന്നതിന് എൽ.എഫ്. കുഫോസ് എ2-9/2011-12/ 13.02.2013 പ്രകാരം ആവശ്യപ്പെട്ടിരുന്നു എങ്കിലും മറുപടി ലഭ്യമാക്കിയട്ടി ല്ലാത്തതാകുന്നു. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവാദിത്വ ങ്ങൾ നിറവേറ്റുന്നതിനുള്ള കർമ്മപരിപാടികൾ ഒന്നും തന്നെ സർവ്വകലാശാല തയ്യാറാ ക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വ്യാപന വിദ്യാഭ്യാസം സർവ്വകലാശാല നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ, ആവശ്യമായ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സർവ്വകലാശാലയുടെ ഉത്തരവാദിത്വമാ കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒപ്പം തന്നെ മത്സ്യബന്ധന/കൃഷി മേഖലയിലെ മുഴുവൻ ജനങ്ങൾക്കും സർവ്വകലാശാല യുടെ നേട്ടം ലഭ്യമാക്കുന്നതായി കാണാവുന്നതാണ്. ഈ വിഷയത്തിൽ സർവ്വകലാ ശാലയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 <u>ചെലവ് - സർവ്വകലാശാലതല പരിശോധന അനിവാര്യം</u>

ഏതൊരു സ്ഥാപനത്തിന്റെയും വികസനത്തിനും മികവിനും സാമ്പത്തിക അച്ചട ക്കവും ധനകാര്യ നിയന്ത്രണവും അനിവാര്യമാകുന്നു. വരവുകൾ പ്രത്യേകം വീക്ഷിച്ച് തനതു വരുമാനം ഉയർത്തുന്നതിന് ഉതകുന്ന പദ്ധതികൾ കണ്ടെത്തുന്നതും ഓരോ ചെലവും ന്യായവും ക്രമപ്രകാരവുമാണെന്ന് ഉറപ്പാക്കേണ്ടതും സ്ഥാപനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാകുന്നു. ബഡ്ജറ്റിലൂടെ വിഭാവനം ചെയ്ത ഓരോ വരവും കൃത്യതയോടെ ഈടാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദി



Local Fund Audit Department

ത്വമാകുന്നു. ചെലവുകൾ ബഡ്ജറ്റിന് വിധേയമായിട്ടാണെന്നും അധികരിക്കുന്നില്ല എന്നും, ആവശ്യമായ വകയിരുത്തൽ ലഭ്യമാണെന്നും പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം റീ അപ്രോപ്രിയേഷൻ നടപടികൾ ആവശ്യമായേക്കാവുന്ന ഘട്ടത്തിൽ അപ്രകാരം സ്വീകരിക്കേണ്ടതുമാകുന്നു. മേൽ നടപടികൾ കൃത്യതയോടെ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ കർത്തവ്യമാകുന്നു. സർവ്വകലാശാലയിൽ ഇപ്രകാരമുള്ള നടപടികൾ വീക്ഷിച്ച് അനിവാര്യതയും ന്യായയുക്തതയും പരിശോധിച്ച് ഉറപ്പാക്കുന്നതിന് ഇന്റേണൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്നത് അപാകതയാകുന്നു. സാമ്പത്തിക മേഖലയുടെ വിജയപ്രദമായ നിരീക്ഷണത്തിന് ഗവ.സർക്കുലർ 32/05 ഫിൻ/10.06.2005 ന് നിർദ്ദേശത്തിന് അനുസൃതമായി ഇന്റേണൽ ഓഡിറ്റ് സംവിധാനം അടിയന്തിരമായും ഏർപ്പെടുത്തേണ്ടതാണ്.

## 3-3 ചെലവുകളിൽ അവ്യക്തത - ചെലവ് പെരുപ്പിച്ച് കാണിച്ച് ഫണ്ടിംഗ് ഏജൻസികളെ തെറ്റിദ്ധരിപ്പിക്കുന്ന നടപടി ക്രമവിരുദ്ധം.

സർവ്വകലാശാലയുടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പല ചെലവുകളും യഥാർത്ഥത്തിൽ നടന്ന ചെലവുകളല്ല. 2011-12 സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമാണ് ഈ വർഷത്തെ പ്ലാൻ ഫണ്ട് തുക 4,96,93,900/- സർവ്വകലാശാലയുടെ അക്കൗണ്ടിൽ വരവു വന്നിരിക്കുന്നത്.

2011-12 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് ലഭിച്ചതിന്റെയും സർവ്വകലാശാല അക്കൗണ്ടിൽ വരവു വന്നതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തുക |
|---|---|
| 04.05.2012 | 51,93,000 |
| 30.05.2012 | 1,00,00,000 |
| 31.05.2012 | 1,00,00,000 |
| 30.06.2012 | 2,00,00,000 |
| 19.07.2012 | 45,00,000 |
| ആകെ | 4,96,93,000/- |

Local Fund Audit Department

2011-12 പ്ലാൻ ഫണ്ടിൽ ചെലവു വന്നു എന്നു പറയുന്ന 245 ലക്ഷം രൂപ യഥാർത്ഥത്തിൽ ചെലവായിരിക്കുന്നത് 2013 മാർച്ച് മാസത്തിൽ മാത്രമാണ്. അതു പോലെ തന്നെ ഡെവ.ഗ്രാന്റിനത്തിൽ 2011-12 -ൽ ചെലവായതായി എന്നു പറയുന്ന 50 ലക്ഷം രൂപ നാളിതു വരെയും ചെലവഴിച്ചിട്ടുമില്ല. അക്വേറിയം നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 17 ലക്ഷം രൂപ ചെലവഴിക്കുവാൻ സർവ്വകലാശാല തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതു വരെ പ്രസ്തുത നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. ഈ തുകകളെല്ലാം പണമാക്കാത്ത ചെക്കുകൾ എന്ന പേരിൽ എഴുതി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി കണക്കുകൾ തയ്യാറാക്കുന്ന രീതിയാണ് സർവ്വകലാശാല അനുവർത്തിച്ചു പോരുന്നത്. ഇത് ഗുരുതരമായ ഒരു വീഴ്ചയായി ഓഡിറ്റ് കാണുന്നു. സർക്കാർ ധനസഹായവും മറ്റു ഗ്രാന്റുകളും അതാതു സാമ്പത്തിക വർഷം തന്നെ ചെലവു ചെയ്യേണ്ടതാണ്.

പ്ലാൻ ഫണ്ട് തുക ചെലവഴിക്കുന്ന കാര്യത്തിൽ സർവ്വകലാശാല വേണ്ടത്ര ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. 2011-12 വർഷം സർവ്വകലാശാലയ്ക്ക് ലഭിച്ച പ്ലാൻ ഫണ്ട് തുകയായ 4,96,93,000/- രൂപയിൽ യഥാർത്ഥത്തിൽ ചെലവു വന്നിരിക്കുന്നത് 2,34,93,000/- രൂപ മാത്രമാണ്.(49693000 - 24500000 - 1700000/-) അതായത് പ്ലാൻ ഫണ്ടിന്റെ 47% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2013 മാർച്ച് മാസം വരെയും ഈ സ്ഥിതി തുടരുന്നതായി കാണുന്നു. മുൻകൂട്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സമയബന്ധിതമായി ആയത് പൂർത്തീകരിക്കുന്നനും സർവ്വകലാശാലാധികൃതർ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

### 3-4 <u>മുഴുവൻ സമയ ഫിനാൻസ് ഓഫീസറുടെ അഭാവം - സർവ്വകലാശാലയുടെ പ്രവർത്തനത്തെ ബാധിക്കുന്നു.</u>

സർവ്വകലാശാല ആക്ട് സെക്ഷൻ 38 പ്രകാരം ഫിനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അതിനു യുക്തമെന്ന് കരുതുന്ന കാലയളവിലേയ്ക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമിക്കേണ്ടതാണെന്ന് പറയുന്നു. 2011 -ൽ സർവ്വകലാശാല രൂപീകരിച്ചതിനു ശേഷം 04.08.2011 മുതൽ 07.02.2012 വരെയുള്ള കാലയളവിൽ മാത്രമാണ് മുഴുവൻ സമയ ഫിനാൻസ് ഓഫീസർ ഉണ്ടായിരുന്നത്. ബാക്കിയുള്ള കാലയളവിൽ സർവ്വകലാശാലയിലെ തന്നെ ഏതെങ്കിലും ഒരു അദ്ധ്യാപകന് ഫിനാൻസ് ഓഫീസറുടെ ചുമതല നൽകുകയാണ് ചെയ്തിരിക്കുന്നത്. വളരെയധികം ഉത്തരവാദിത്വമുള്ള അദ്ധ്യാപകർക്ക് സർവ്വകലാശാലയിലെ തന്നെ അതി പ്രധാനമായ തസ്തികയുടെ ചുമതല നൽകുന്നത് ഒട്ടും അഭിലഷണീയമല്ല. മുഴുവൻ

സമയ ഫിനാൻസ് ഓഫീസർ ഇല്ലാത്തതുകൊണ്ട് സാമ്പത്തികരംഗവുമായി ബന്ധപ്പെട്ട നിരവധി വീഴ്ചകൾ സർവ്വകലാശാലയിൽ സംഭവിക്കുന്നതായി കാണുന്നു. 2011-12 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കാതിരുന്നതും 2011-12 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ നിയമാനുസൃതം തയ്യാറാക്കുവാനോ, സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുവാനോ കഴിയാതിരുന്നതും ഉദാഹരണങ്ങൾ മാത്രം.

സർവ്വകലാശാലയുടെ ആരംഭ ഘട്ടമായതിനാൽ നിരവധി നിർമ്മാണ പ്രവർത്തന ങ്ങൾ, പുതിയ കോഴ്സുകൾ ആരംഭിക്കൽ തുടങ്ങി നിരവധി കാര്യങ്ങൾക്കു വേണ്ടി സർക്കാരിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും വളരെയധികം ഫണ്ട് സർവ്വകലാശാ ലയ്ക്ക് ലഭ്യമാകുകയും അതിൻ പ്രകാരം ചെലവുകൾ വരുകയും ചെയ്യുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം സർവ്വകലാശാലയ്ക്ക് 17 കോടിയിൽ പരം രൂപ വരവും 14.5 കോടി രൂപ ചെലവും വന്നിട്ടുണ്ട്. സാമ്പത്തിക ഇടപാടുകൾ വളരെയധികം നട ക്കുന്ന കാലഘട്ടമായതിനാലും സർവ്വകലാശാലയുടെ ആരംഭഘട്ടമായതിനാലും ഫിനാൻസ് സെക്ഷനിലെ ജീവനക്കാർക്ക് വേണ്ടത്ര മാർഗ്ഗ നിർദ്ദേശങ്ങൾ നൽകു വാനും കണക്കുകളും സ്റ്റേറ്റ് മെന്റുകളും കൃത്യതയോടെ തയ്യാറാക്കുവാനും സർവ്വക ലാശാലയ്ക്ക് ഒരു മുഴവൻ സമയ ഫിനാൻസ് ഓഫീസറുടെ സേവനം നിർബന്ധമായും ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിലേയ്ക്ക് ഗവേണിംഗ് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

Local Fund Audit Department

### 3-5 <u>സർവ്വകലാശാല ഉദ്യോഗസ്ഥർ/ജീവനക്കാർ - സേവന-വേതന വ്യവസ്ഥകൾ</u>

ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ നിയമനാധി കാരം സർവ്വകലാശാല നിയമം 2010 വകുപ്പ് 50 പ്രകാരം ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമാകുന്നു. പ്രഥമ സ്റ്റാറ്റ്യൂട്ട് ഇനിയും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെട്ടിട്ടില്ല. ജീവനക്കാരുടെ നിയമനവുമായി ബന്ധ പ്പെട്ട കെ.എസ് & എസ്.എസ്.ആർ സേവന വേതന വ്യവസ്ഥകളടങ്ങുന്ന കെ.എസ്. ആർ, കെ.എഫ്.സി, കെ.ടി.സി എന്നിവ ഉൾപ്പെടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിയമ ങ്ങൾ/ചട്ടങ്ങൾ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥ/ജീവനക്കാർക്ക് സർവ്വകലാശാല നിയമം 2010 പ്രകാരം ബാധകമാക്കിയിട്ടുള്ളതായും കാണുന്നില്ല. ഈ അപാകത ഒഴി വാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 3-6 <u>വിരമിക്കൽ പ്രായം - നിയമവ്യവസ്ഥ പുതുക്കൽ അനിവാര്യം.</u>

സർവ്വകലാശാല നിയമം 2010 വകുപ്പ് 30 ന് വിധേയമായി നിയമിക്കപ്പെട്ടിരി ക്കുന്ന ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം മേൽ നിയമം വകുപ്പ് 50 - 6 -ൽ 60

വയസ്സ് എന്ന് നിർണ്ണയിച്ചിരിക്കുന്നു. സർവ്വകലാശാലയിലെ ഇതര ജീവനക്കാരുടെ വിരമിക്കൽ പ്രായം മേൽ നിയമം വകുപ്പ് 50-7 -ൽ 55 വയസ്സ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ജി.ഒ(പി)170/12 ഫിൻ 22.03.2012 -ൽ സർക്കാർ ജീവനക്കാരുടെയും സമാന മേഖല ജീവനക്കാരുടെയും വിരമിക്കൽ പ്രായം 55 -ൽ നിന്നും 56 വയസ്സ് എന്ന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 50-7 പ്രകാരമുള്ള നിയമ വ്യവസ്ഥ നിലവിലിരിക്കുന്നതിനാൽ സർക്കാരിന്റെ ഉത്തരവിന്റെ ആനുകൂല്യം ഈ സർവ്വകലാശാലയിലെ ജീവനക്കാർക്ക് ലഭ്യമാക്കാവുന്നതല്ല. ഈ വിഷയത്തിൽ ആവശ്യമായ തീരുമാനം അനിവാര്യമാകുന്നു.

### 3-7 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് - ഉയർന്ന നിരക്കിൽ നൽകി - പലിശയിനത്തിൽ 5316/- രൂപയുടെ നഷ്ടം.

27.08.2011 -ലെ ജി.ഒ(പി)371/2011/ഫിൻ ജി.ഒ(എം.എസ്)373/2011/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം ജീവനക്കാർക്കും അദ്ധ്യാപകർക്കും 8500/- രൂപ വീതവും, തൊഴിലാളികൾക്ക് (പെർമനെന്റ് ലേബർ) 1200/- രൂപ വീതവും അഡ്വാൻസ് നൽകുവാനും അത് 5 തുല്യ ഗഡുക്കളായി തിരിച്ചു പിടിക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. സർവ്വകലാശാലാ ജീവനക്കാർക്കും ഈ ഉത്തരവ് ബാധകമാക്കിയിരുന്നു. എന്നാൽ ഫിഷറീസ് സർവ്വകലാശാല ജീവനക്കാർക്ക് 10,000/- രൂപ വീതവും തൊഴിലാളികൾക്ക് 2,000/- രൂപ വീതവും അഡ്വാൻസ് നൽകുവാനും, ടി തുക 10 തുല്യ ഗഡുക്കളായി തിരികെ ഈടാക്കുവാനും അനുമതി നൽകി.

36 ജീവനക്കാർക്ക് 10,000/- രൂപ വീതം 3,60,000/- രൂപയും 17 തൊഴിലാളികൾക്ക് 2,000/- രൂപ വീതം 34,000/- രൂപയും നൽകി. ജീവനക്കാർ 1000/- രൂപ വീതവും തൊഴിലാളികൾ 200/- രൂപ വീതവും 5 ഗഡുക്കൾ തിരിച്ചടച്ചു. ഗവേണിംഗ് കൗൺസിലിന്റെ ആദ്യയോഗത്തിൽ (അജണ്ട ഐറ്റം 17/2012) ജീവനക്കാരിൽ നിന്നും ഈടാക്കിയ 5 ഗഡു തുക കിഴിച്ച് ബാക്കി മുഴുവൻ തുകയും ഒറ്റ ഗഡുവായി ഈടാക്കുവാൻ തീരുമാനിക്കുകയും മാർച്ച് മാസത്തിലെ ശമ്പളത്തിൽ നിന്നും തുക തിരികെ വസൂലാക്കുകയും ചെയ്തു. സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടുതൽ തുക അഡ്വാൻസ് അനുവദിക്കുകയും, തിരിച്ചടവിന് കൂടുതൽ ഗഡുക്കൾ അനുവദിക്കുകയും ചെയ്യുന്നതിനാൽ പലിശയിനത്തിൽ താഴെ പറയും പ്രകാരം 5316/- രൂപയുടെ നഷ്ടം സർവ്വകലാശാലയ്ക്കുണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| 36 ജീവനക്കാർക്ക് 10,000/- രൂപ വീതം | - | 3,60,000.00 |
| 5 ഗഡുക്കളായി തിരികെ ഈടാക്കിയത് | - | 1,80,000.00 |
| 36 ജീവനക്കാർക്ക് അധികമായി നൽകിയ | | |



Local Fund Audit Department

| | | |
|---|---|---|
| 54000/- രൂപയ്ക്ക് (36 × 1500) 12% പലിശ യോടുകൂടി 6 മാസത്തേയ്ക്ക് | - | 3,240.00 |
| 36 ജീവനക്കാരിൽ 6 -ാം ഗഡുവായി ഈടാക്കിയ 126000(36 × 3500) രൂപയ്ക്ക് 12% പലിശ വച്ച് ഒരു മാസത്തേയ്ക്ക് | - | 1,260.00 |
| 17 തൊഴിലാളികൾക്ക് അധികമായി നൽകിയ 13600 (17 × 800) രൂപയ്ക്ക് 12% പലിശ വച്ച് 6 മാസത്തേയ്ക്ക് | - | 816.00 |
| | | ------ |
| ആകെ | - | 5,316.00 |
| | | ======== |

സർവ്വകലാശാല ഫണ്ടിന് നഷ്ടമുണ്ടാകുന്ന തീരുമാനങ്ങൾ സർവ്വകലാശാല അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകാതെ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**3-8 <u>സെക്യൂരിറ്റി ഏജൻസിക്ക് കൂടുതലായി തുക നൽകി. സർവ്വകലാശാലയ്ക്ക് 4095/- രൂപ നഷ്ടം സംഭവിച്ചു.</u>**

സർവ്വകലാശാലയിൽ സെക്യൂരിറ്റി ജീവനക്കാരെ നൽകുന്നതിനായി 24.06.2011-ൽ ജി.എ/6/208/2011 നമ്പരായി ക്വട്ടേഷൻ ക്ഷണിച്ചു. 3 ക്വട്ടേഷനുകൾ ലഭിച്ചു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന എക്സ്സർവ്വീസ് മെൻ സെക്യൂരിറ്റി സർവ്വീസ് കടവന്ത്ര യുടെ ക്വട്ടേഷൻ അംഗീകരിച്ചു. ദിവസം 250/- രൂപ (12 മണിക്കൂർ). നികുതികൾ കൂലി യിൽ നിന്നും ഈടാക്കാവുന്നതാണ് എന്ന വ്യവസ്ഥ അംഗീകരിച്ച് 100/- രൂപ മുദ്രപ്പത്ര ത്തിൽ സെക്യൂരിറ്റി ഉടമ സർവ്വകലാശാലയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. (ക രാർ കാലാവധി 22.09.2011 മുതൽ 31.08.2012 വരെ) 22.09.2011 മുതൽ 2011 ഡിസംബർ വരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. 2012 ജനുവരി, ഫെബ്രു വരി മാസങ്ങളിൽ എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി സേവന നികുതി, മറ്റു നികുതികൾ എന്നിവ ഉൾപ്പെടുത്തി കൂടുതലായി തുക നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

**<u>ജനുവരി 2012</u>**

<u>സി.ബി.വി നം. 9/3-2012. 22888/- ചെക്ക് നം.015850/2.3.2012.</u>

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | കൂടുതലായി നൽകിയ തുക |
|---|---|---|---|
| നാലു സെക്യൂരിറ്റിക്കാരുടെ വേതനം | 20750 | 20750 | - |
| സേവന നികുതി | 2075 | - | 2075 |

Local Fund Audit Department

| | | | |
|---|---|---|---|
| എഡ്യൂക്കേഷൻ സെസ്സ് | 42 | – | 42 |
| ഹയർ എഡ്യൂക്കേഷൻ സെസ്സ് | 21 | – | 21 |
| ആകെ | 22888 | 20750 | 2138 |

**ഫെബ്രുവരി 2012**

സി.ബി.വി നം. 86/3-2012. ചെക്ക് നം.015880/19.03.2012 : 20162/-

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | കൂടുതലായി നൽകിയ തുക |
|---|---|---|---|
| നാലു സെക്യൂരിറ്റിക്കാരുടെ വേതനം | 19000 | 19000 | – |
| സേവന നികുതി | 1900 | – | 1900 |
| എഡ്യൂക്കേഷൻ സെസ്സ് | 38 | – | 38 |
| ഹയർ എഡ്യൂക്കേഷൻ സെസ്സ് | 19 | – | 19 |
| ആകെ | 20957 | 19000 | – |
| (-) ഇൻകംടാക്സ് | | | |
| ജനുവരി | 380 | 380 | – |
| ഫെബ്രുവരി | 415 | 415 | – |
| ആകെ | 20162 | 18205 | 1957 |

ആകെ 2138 + 1957 = 4095.00
=========

കൂടുതലായി നൽകിയ തുക എക്സ്സർവ്വീസ്മെൻ സെക്യൂരിറ്റീസ്, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ഈടാക്കുവാൻ കഴിയാതെ വന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി സർവ്വകലാശാല ഫണ്ടിൽ അടക്കേണ്ടതാണ്.

Local Fund Audit Department

**3-9 <u>വ്യക്തമായ സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു</u>.**

യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 10.06.2011 -ലെ ജി.എ.1/1608/11 നം. ഉത്തരവു പ്രകാരം ഹോസ്റ്റൽ മാനേജർ, ഇലക്ട്രീഷ്യൻ, ഗിയർ ടെക്നീഷ്യൻ എന്നിവരുടെ ദിവസ വേതനം 01.04.2011 മുതൽ 350/- രൂപയായി നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. 01.04.2011 മുതൽ ദിവസ വേതനം 350/- രൂപയായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ടി തസ്തികകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ശ്രീ.മുരുകരാജ്, ഇല ക്ട്രീഷ്യന് 76650/- രൂപ (05/11 മുതൽ 3/2012 വരെ), ഷൈജുമോൻ.സി.എ (ഗിയർ ടെക്നീഷ്യൻ, 44,800/- രൂപ (06/11 മുതൽ 3/12 വരെ) ശ്രീ. എം.എ. സജീവ്, ഹോസ്റ്റൽ മാനേജർ 28000/- രൂപ (12/011 മുതൽ 3/12 വരെ) എന്നീ പ്രകാരം 149450/- രൂപ 2011-12 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ടി തസ്തികകളുടെ ദിവസ വേതനം 350/- രൂപ യായി നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ട താണ്. അല്ലാത്ത പക്ഷം പ്രസ്തുത ചെലവിന് ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അതു വരെ ഈ ഇനത്തിൽ ചെലവ് ചെയ്ത 149450/- രൂപ ഓഡി റ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

**3-10 <u>മുൻകൂർ കൈപ്പറ്റ് - ചെലവാക്കിയില്ല - തിരികെ അടച്ചത് 1.86 ലക്ഷം. അഡ്വാൻസ് അനുവദിക്കുന്നതിലും, അഡ്ജസ്റ്റ് ചെയ്യുന്നതിലും മാനദണ്ഡ ങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.</u>**

അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രമാണ് അഡ്വാൻസ് അനുവദിക്കേണ്ടത്. എന്നാൽ യൂണിവേഴ്സിറ്റിയിൽ വിവിധ ഉദ്യോഗസ്ഥർ/അദ്ധ്യാപകർ ആവശ്യപ്പെടുന്നത നുസരിച്ച് ആവശ്യം കണക്കാക്കാതെ അഡ്വാൻസുകൾ അനുവദിക്കുന്നതായി കാണു ന്നു. പലപ്പോഴും യഥാർത്ഥത്തിൽ ആവശ്യമുള്ളതിൽ കൂടുതൽ തുക അഡ്വാൻസായി അനുവദിക്കുന്നു. ഇത് ക്രമവിരുദ്ധമാണ്.

21.10.1993 -ലെ 74/93 ഫിൻ നം. സർക്കുലർ പ്രകാരം അനുവദനീയമായ യാത്രാ ബത്തയുടെ 75% മാത്രമേ അഡ്വാൻസായി അനുവദിക്കുവാൻ പാടുള്ളൂ. രേഖകൾ പരി ശോധിച്ചതിൽ പലർക്കും അർഹതയുള്ളതിനേക്കാൾ കൂടുതൽ തുക യാത്രാബത്ത അഡ്വാൻസായി നൽകിയതായി കാണുന്നു. ഭാവിയിൽ ഇത്തരം തെറ്റായ നടപടിക്രമം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യുന്ന കാര്യത്തിൽ 04.10.2011 -ലെ ജി. ഒ(പി)419/2011 നം. സർക്കാർ ഉത്തരവിലെ നിബന്ധനകൾ നിർബന്ധമായും പാലിക്കേ ണ്ടതാണ്.

2011-12 സാമ്പത്തിക വർഷം മുൻകൂർ അനുവദിച്ച് നൽകിയ തുകയിൽ 185940.00 രൂപ ചെലവാക്കാതെ തിരകെ അടച്ചതായും കാണുന്നുണ്ട്. അടിയന്തിര സാഹചര്യം കണക്കിലടുത്തും കെ.എഫ്.സി. ആർടിക്കിൾ 99 പ്രകാരവും അനുബന്ധ ഉത്തരവുകൾക്ക് വിധേയമായും ആണ് മുൻകൂറുകൾ അനുവദിക്കുന്നത്. ഇവിടെ ഇപ്രകാരം അനുവദിച്ച് തുക കൈപ്പറ്റിയതിനു ശേഷം ചെലവില്ലാതെ തിരികെ അടയ്ക്കുകയായിരുന്നു. ഇത് ധനകാര്യ തത്വങ്ങളുടെ ലംഘനവും പൊതു സമ്പത്തിന്റെ താത്കാലിക തിരമറിയുമായി കാണാവുന്നതാണ്. ഇപ്രകാരമുള്ള ചട്ട വിരുദ്ധ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ കരുതൽ നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

### 3-11 <u>സർവ്വകലാശാല ഏറ്റെടുത്ത സ്ഥലം - നടപടികൾ പൂർത്തിയാക്കി സർവ്വകലാശാലയുടെ പേരിൽ പോക്കുവരവ് ചെയ്യാത്തത് സംബന്ധിച്ച്</u>

2011-12 സാമ്പത്തിക വർഷത്തിൽ കുഫോസ് ഒടുക്കിയ വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്വകാര്യ വ്യക്തികളുടെ പേരിലുള്ള വൈദ്യുതി കണക്ഷനുകളുടെ ബിൽ യൂണിവേഴ്സിറ്റി ഒടുക്കിയതായി ഓഡിറ്റിൽ കണ്ടെത്തി. മേൽ പറഞ്ഞ പ്രകാരം യൂണിവേഴ്സിറ്റി ഒടുക്കിയ സ്വകാര്യ കണക്ഷനുകളുടെ വിവരം താഴെ കൊടുക്കുന്നു.

Local Fund Audit Department

| ക്രമ നം | കൺസ്യൂമർ നമ്പർ | ഉപഭോക്താവിന്റെ പേര് |
|---|---|---|
| 1. | 1034-0 | പരീത്.എം.എ, ഫൈസൽ മൻസിൽ |
| 2. | 1238-8 | രാമചന്ദ്രൻ.കെ.ഡി, കണ്ണനേഴത്തു ഹൗസ് |

മേൽ പറഞ്ഞ വ്യക്തികളുടെ താഴെ പറയും പ്രകാരമുള്ള വൈദ്യുതി ബില്ലുകളാണ് യൂണിവേഴസിറ്റി ഒടുക്കിയിരിക്കുന്നത്.

**I)** <u>**വൗച്ചർ നം. 106/6-11, ചെക്ക് നമ്പർ 033143/24.6.2011 തുക.130176/- രൂപ.**</u>

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം/ തീയതി | ബിൽ തുക | ഒടുക്കിയ തുക | രസീതു നമ്പർ / തീയതി |
|---|---|---|---|---|---|
| 1. | 1034-0 | 340055/15.6.2011 | 210 | 100<br>110 | 314801/25.6.2011<br>314802/25.6.2011 |
| 2. | 1238-8 | 340059/15.6.2011 | 531 | 446<br>85 | 314803/25.6.2011<br>314804/25.6.2011 |
| | ആകെ | | | 741<br>==== | |

**II) വൗച്ചർ നം. 85/8-11, ചെക്ക് നമ്പർ 034421/20.8.2011 തുക.51797/- രൂപ.**

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം/ തീയതി | ബിൽ തുക | ഒടുക്കിയ തുക | രസീതു നമ്പർ / തീയതി |
|---|---|---|---|---|---|
| 1. | 1034-0 | 374670/16.8.2011 | 106 | 106 | 346950/22.8.2011 |
| 2. | 1238-8 | 374674/16.8.2011 | 363 | 363 | 346947/22.8.2011 |
| | ആകെ | | | 469 | |

**III) വൗച്ചർ നം. 83/10-11, ചെക്ക് നമ്പർ 035771/19.10.2011 തുക.55001/- രൂപ.**

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം/ തീയതി | ബിൽ തുക | ഒടുക്കിയ തുക | രസീതു നമ്പർ / തീയതി |
|---|---|---|---|---|---|
| 1. | 1034-0 | 399779/17.10.2011 | 109 | 109 | 371096/20.10.2011 |
| 2. | 1238-8 | 399783/17.10.2011 | 264 | 264 | 371120/20.10.2011 (രസീത് വൗച്ചറി നൊപ്പം ഇല്ല) |
| | ആകെ | | | 373 | |

**IV) വൗച്ചർ നം. 102/12-11, ചെക്ക് നമ്പർ 11726/20.12.2011 തുക.65170/- രൂപ.**

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം/ തീയതി | ബിൽ തുക | ഒടുക്കിയ തുക | രസീതു നമ്പർ / തീയതി |
|---|---|---|---|---|---|
| 1. | 1034-0 | 426652/15.12.2011 | 109 | 109 | 397100/21.12.2011 |
| 2. | 1238-8 | 426647/15.12.2011 | 119 | 119 | 397112/21.12.2011 |
| | ആകെ | | | 228 | |
| | ആകെ തുക | | | 1811 | |

ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10/22.2.2013 ന് 27.2.2013 -ലെ കത്ത് നം ജി.എ.(5)/1972/2011 നമ്പരായി നൽകിയ മറുപടിയിൽ കൺസ്യൂമർ നം.1034, 1238 എന്നിവ യഥാക്രമം ശ്രീ. പരീത്. എം.എ, ഫൈസൽ മൻസിൽ, ശ്രീ. രാമ ചന്ദ്രൻ. കെ.പി, കണ്ണനേഴത്ത് ഹൗസ്, എന്നിവരുടേതാണെന്നും മേൽ കെട്ടിടവും ഭൂമിയും, സർവ്വകലാശാലയുടെ ആവശ്യാർത്ഥം ഏറ്റെടുത്തിരിക്കുന്ന ബിൽഡിംഗ് നം.VI/624, VII/483 എന്നീ കെട്ടിടങ്ങളുടേതാണെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങ

Local Fund Audit Department

ളുടെ വൈദ്യുത കണക്ഷൻ ഫിഷറീസ് കോളജിന്റെ പേരിലാക്കുവാൻ സർവ്വകലാശാല വൈദ്യുതി ബോർഡിനെ സമീപിക്കുകയും ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ ബോർഡ് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നാളിതു വരെ പൂർത്തിയായിട്ടില്ലാത്തിതനാൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ കെ.എസ്.ഇ.ബി -യിൽ ഹാജാരക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്നു അറിയിച്ചിരിക്കുന്നു.

നിലവിൽ കൺ.നം.1034 ആയ കെട്ടിടം എൻ.എ.പി.റ്റി പ്രൊജക്ടിനു വേണ്ടിയും കൺ.നം. 1238 ആയിട്ടുള്ള കെട്ടിടം അക്വാലാബ് ആയും പ്രവർത്തിച്ചു വരുന്നതിനാലാണ് യൂണിവേഴ്സിറ്റി ഈ കെട്ടിടങ്ങളുടെ വൈദ്യുതി ബിൽ ഒടുക്കുന്നതെന്നും മറപടിയിൽ സൂചിപ്പിച്ചിരിക്കുന്നു.

യൂണിവേഴ്സിറ്റി തയ്യാറാക്കിയിരിക്കുന്ന ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ബിൽഡിംഗ് നം. VI/624 30.4.1984 -ലും ബിൽഡിംഗ് നം VII/483 20.12.1983 -ലും അക്വയർ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഏകദേശം 30 -ൽ പരം വർഷങ്ങൾക്കു മുൻപ് (അതായത് 1980-ൽ) ആരംഭിച്ച ഏറ്റെടുക്കൽ നടപടികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നത് ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി അവലംബിച്ച ഗുരുതരമായ ഉദാസീനതയ്ക്ക് തെളിവാണ്. ഭൂമി ഏറ്റെടുക്കൽ നിയമങ്ങൾ പ്രകാരം ഫിഷറീസ് കോളേജ് ആവശ്യത്തിനായി ഏറ്റെടുത്തിരിക്കുന്ന മുഴുവൻ ഭൂമിയും സർവ്വകലാശാലയുടെ പേരിൽ പോക്ക്വരവ് ചെയ്ത് ഉടമസ്ഥാവകാശം സ്ഥാപിക്കേണ്ടതാണ്.

Local Fund Audit Department

### 3-12 <u>സ്വകാര്യ വാഹനം വാടകയ്ക്ക് ഉപയോഗിച്ചതിനു വന്ന ചെലവു തുക 5692/- രൂപ മതിയായ യാത്രാ രേഖകളില്ലാത്തതിനാൽ നിരാകരിക്കുന്നു.</u>

സർവ്വകലാശാല രജിസ്ട്രാർ ഡോ.ട്രീസ രാധാകൃഷ്ണൻ, കണ്ടിജൻസി ചെലവുകൾക്കും, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലേയ്ക്കുമായി വൗച്ചർ നം.1/4-2011 തീയതി 01.04.2011 പ്രകാരം (പ്രൊസീഡിംഗ്സ് നം.കുഫോസ്-2/അഡ്മിനിസ്ട്രേഷൻ/2011-12/15 തീയതി 22.03.2011) 10,000/- രൂപ അഡ്വാൻസ് കൈപ്പറ്റിയിരുന്നു. സി.ബി.വി നം. 208/2011-12 പ്രകാരം പ്രസ്തുത തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. (പ്രൊസീഡിംഗ്സ് നം.കുഫോസ്-2/അഡ്മിനിസ്ട്രേഷൻ/2011-12/15 തീയതി 7.4.2011). ഈ വൗച്ചറിനൊപ്പം സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയും ആയതിലേയ്ക്ക് ലക്ഷ്മി ട്രാവൽസ്, പനങ്ങാട്, കൊച്ചി എന്ന സ്ഥപനത്തിന്റെ പേരിലുള്ള ട്രിപ്പ് വൗച്ചറുകൾ ഹാജരാക്കുകയും ചെയ്തു. എന്നാൽ ട്രിപ്പ് ഷീറ്റിൽ പലതിലും യാത്രകൾ

നടത്തിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. (യാത്ര നടത്തിയത് എവിടേയ്ക്ക്, യാത്രാ തീയതി, ഉദ്ദേശ്യം, ഔദ്യോഗികമാണോ അല്ലയോ, യാത്ര ചെയ്ത ദൂരം മുതലായവ രേഖപ്പെടുത്തിയിട്ടില്ലാത്തതാകുന്നു). ഇപ്രകാരമുള്ള ട്രിപ്പ് ഷീറ്റുകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം | ട്രിപ്പ് ഷീറ്റ് നം/ തീയതി | വാഹനത്തിന്റെ നമ്പർ | യാത്രയുടെ തീയതി | യാത്രയുടെ വിവരം | തുടങ്ങിയ കി.മീ/ സമയം | അവസാനിച്ച കി.മീ/ സമയം | ആകെ യാത്ര ചെയ്ത ദൂരം | വാഹന വാടക (രൂപ) |
|---|---|---|---|---|---|---|---|---|
| 1. | 2228/ 29.3.2011 | കെ. എൽ.39-എ 3768 | 9.3.2011 | രേഖപ്പെടുത്തിയിട്ടില്ല | 86970/ 1.30 | 87047/ 3.45 | 77 കി.മീ | 693/- |
| 2. | 2229/ 25.3.2011 | കെ. എൽ.39-ബി 9304 | 15.3.2011 | പനങ്ങാട് എറണാകുളം തിരികെ | ഇല്ല | ഇല്ല | ഇല്ല | 690/- |
| 3. | 2235/ 26.3.2011 | കെ. എൽ.39-ബി 9304 | 24.3.2011 | പനങ്ങാട്-കളമശ്ശേരി-എറണാകുളം തിരികെ 2 ട്രിപ്പുകൾ | ഇല്ല | ഇല്ല | 95 കി.മീ | 807/- |
| 4. | 2194/ 31.3.2011 | കെ. എൽ.39-ബി 9304 | 11.3.2011 | എറണാകുളം-തിരുവനന്തപുരം -തിരികെ | ഇല്ല | ഇല്ല | 412 കി.മീ | 3502/- |
| ആകെ | | | | | | | | 5692/- |

മേൽപ്പറഞ്ഞ യാത്രകളുടെ വിശദവിവരം, ഉദ്ദേശ്യം എന്നിവ വ്യക്തമാക്കുന്ന യാത്രാരേഖകളൊന്നും തന്നെ വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.7 തീയതി 16.2.2013 -ന് ബന്ധപ്പെട്ട ഫയൽ ജി.എ.5 സെക്ഷനിൽ ഇല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവുതുക 5692/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**3-13 <u>സ്വകാര്യ കാറുകൾ വാടകയ്ക്ക് എടുത്ത് യാത്ര നടത്തിയതിന് നൽകിയ തുക നിരാകരിക്കുന്നു.</u>**

യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ട്രീസ രാധാകൃഷ്ണൻ തന്റെ യാത്രകൾക്കായി കാറുകൾ വാടകയ്ക്ക് ഉപയോഗിച്ചതിന് തുക അനുവദിച്ചതിൽ ഇനി പറയുന്ന അപാകതകൾ കണ്ടെത്തി. യാത്രകൾക്ക് വാഹന വാടക നൽകിയിട്ടുള്ള ബില്ലുകളോടൊപ്പം യാത്രയുടെ ഉദ്ദേശ്യം, യാത്ര ചെയ്ത സ്ഥലം, യാത്രകളുടെ തീയതി, സമയം എന്നിവ രേഖപ്പെടുത്തുന്ന ടൂർ ഡയറി ഹാജരാക്കിയിട്ടില്ല. ഈ യാത്രകൾ ഏത് ഔദ്യോഗിക ആവശ്യത്തിനാണ് നടത്തിയിട്ടുള്ളത് എന്നതിനെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.7/16.2.2013 ന് ജി.എ.5/925/2013 തീയതി 8.3.2013 നമ്പറിൽ നൽകിയ മറുപടിയിൽ മേൽ യാത്രകൾ നടത്തിയിട്ടുള്ള കഴക്കൂട്ടം, കാര്യവട്ടം എന്നീ



Local Fund Audit Department

സ്ഥലങ്ങളിൽ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്, ഓഫീസ് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ രജിസ്ട്രാർ നടത്തിയ യാത്രകൾ ഔദ്യോഗികാവശ്യത്തിനു വേണ്ടി ഉള്ളതായിരുന്നു എന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ യാത്രകൾ ഔദ്യോഗികാവശ്യത്തിന് അല്ലാ എന്ന് വ്യക്തമാകുന്നു. ഇപ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കല്ലാത്ത യാത്രകൾക്കായി അനുവദിച്ച തുക 17,500/- രൂപ (5250 + 1750 + 3500 + 1750 + 3500 + 1750) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഡോ. ട്രീസ രാധാകൃഷ്ണനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**I.** **<u>വൗച്ചർ നം.58/7-11, ചെക്ക് നം.033711 തീയതി 7.7.2011, ചെക്ക് തുക.6303/- രൂപ.</u>**

ഈ വൗച്ചർ പ്രകാരം മാറിയ 6303/- രൂപയിൽ 5250/- രൂപ പ്രൊസീഡിംഗ്സ് ജി.എ.4/2148/2011 തീയതി 7.7.2011 പ്രകാരം വാഹന വാടക റീ ഇമ്പേഴ്സ് ചെയ്തതിൽ വൗച്ചറിനോടൊപ്പം ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളുടെ വിവര താഴെ പറയും പ്രകാരമാണ്.

| ക്രമ നം | വാഹനത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുടങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങുമ്പോഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞപ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ.എൽ.22/ 8076 | 4.7.2011 | കാര്യവട്ടം/ 9 എ.എം | 166310 | സിറ്റിയിലെ യാത്ര എന്ന് രേഖപ്പെടുത്തിയിരിക്കുന്നു./ 8 പി.എം | 166360 | 1750 |
| 2. | കെ.എൽ.22/ 8076 | 8.6.2011 | കാര്യവട്ടം/ 9 എ.എം | 164388 | സിറ്റിയിലെ യാത്ര എന്ന് രേഖപ്പെടുത്തിയിരിക്കുന്നു./ 7 പി.എം | 164438 | 1750 |
| 3. | കെ.എൽ.22/ 8076 | 19.6.2011 | കാര്യവട്ടം/ 9 എ.എം | 162729 | സിറ്റിയിലെ യാത്ര എന്ന് രേഖപ്പെടുത്തിയിരിക്കുന്നു./ 6.30 പി.എം | 162774 | 1750 |
| | ആകെ | | | | | | 5250 |

Local Fund Audit Department

**II. വൗച്ചർ നം.88/6-11, ചെക്ക് നം.033133 തീയതി 16.6.2011, ചെക്ക് തുക.2100/-രൂപ**

ടി വൗച്ചർ പ്രകാരം വാഹന വാടകയായി താഴെ പറയുന്ന യാത്രയ്ക്ക് 1750/- രൂപ കൈപ്പറ്റി. (പ്രൊസീഡിംഗ്സ് നം.കുഫോസ്-ജി.എ.4/1709/2011 തീയതി. 15.6.2011).

| ക്രമ നം | വാഹന ത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുട ങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങു മ്പോ ഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞ പ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ. എൽ.22/സി 560 | 23.5.2011 | കാര്യവട്ടം/ 9.30 എ.എം | 15765 | സിറ്റിയിലെ യാത്ര എന്ന് രേഖപ്പെടുത്തി യിരിക്കുന്നു./ 6 പി.എം | 15818 | 1750 |
| | ആകെ | | | | | | 1750 |

**III. വൗച്ചർ നം.51/8-11, ചെക്ക് നം.033747 തീയതി 4.8.2011, ചെക്ക് തുക.3500/- രൂപ**
(പ്രൊസീഡിംഗ്സ് നം.കുഫോസ്-ജി.എ.4/1709/2011 തീയതി. 3.8.2011).

ടി വൗച്ചർ പ്രകാരം നൽകിയ വാഹന വാടക 3500/- രൂപയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാഹന ത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുട ങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങു മ്പോ ഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞ പ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ.എൽ.22/ സി 560 ടവേര | 1.8.2011 | കഴക്കൂട്ടം/ 9.15 എ.എം | 21734 | സിറ്റിയിലെ യാത്ര/ 6 പി.എം | 21780 | 1750 |
| 2. | കെ.എൽ.22/ സി 560 | 25.7.2011 | കഴക്കൂട്ടം/ 9.30 എ.എം | 21067 | സിറ്റിയിലെ യാത്ര/ 5.30 പി.എം | 21107 | 1750 |
| | ആകെ | | | | | | 3500 |

Local Fund Audit Department

**IV. വൗച്ചർ നം.94/8-11, ചെക്ക് നം.034423 തീയതി 26.8.2011, ചെക്ക് തുക.88304/- രൂപ**

(പ്രൊസീഡിംഗ്സ് നം.കുഫോസ്-ജി.എ.4/2148/2011 തീയതി.12.8.2011).

ടി വൗച്ചർ പ്രകാരം 1750/- വാഹന വാടക അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | വാഹന ത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുട ങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങു മ്പോ ഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞ പ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ.എൽ.22/ സി 560 ടവേര | 9.8.2011 | കാര്യവട്ടം/ 9 എ.എം | 22985 | സിറ്റിയിലെ യാത്ര/ 7.30 പി.എം | 23050 | 1750 |
| | ആകെ | | | | | | 1750 |

**V. വൗച്ചർ നം.27/9-11, ചെക്ക് നം.034447 തീയതി 3.9.2011, ചെക്ക് തുക.112893/- രൂപ**

(പ്രൊസീഡിംഗ്സ് നം.കുഫോസ്-ജി.എ.5/2148/2011 തീയതി.26.8.2011).

മേൽ പ്രൊസീഡിംഗ്സ് പ്രകാരം വാഹനവാടക 3500/- രൂപ അനുവദിച്ച് നൽകിയ യാത്രകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാഹന ത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുട ങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങു മ്പോ ഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞ പ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ.എൽ.22/ സി 560 ടവേര | 22.8.2011 | കാര്യവട്ടം/ 9.30 എ.എം | 24503 | സിറ്റിയിലെ യാത്ര/ 6.30 പി.എം | 24553 | 1750 |
| 2. | കെ.എൽ.22/ സി 560 ടവേര | 23.8.2011 | കാര്യവട്ടം/ 9 എ.എം | 24679 | സിറ്റിയിലെ യാത്ര/ 6 പി.എം | 24744 | 1750 |
| | ആകെ | | | | | | 3500 |

Local Fund Audit Department

**VI. വൗച്ചർ നം.50/9-11, ചെക്ക് നം.035410 തീയതി 7.9.2011, ചെക്ക് തുക.34831/- രൂപ**
(പ്രൊസീഡിംഗ്സ് നം.കുഫോസ്-ജി.എ.5/1709/2011 തീയതി. 03.09.2011).

ടി വൗച്ചർ പ്രകാരം വാഹന വാടക 1750/- രൂപ അനുവദിച്ചു നൽകിയതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | വാഹന ത്തിന്റെ നം. | യാത്ര ചെയ്ത തീയതി | യാത്ര തുട ങ്ങിയ സ്ഥലം/സമയം | ട്രിപ്പ് തുടങ്ങു മ്പോ ഴുള്ള കി.മീ | യാത്ര അവസാനിച്ച സ്ഥലം/സമയം | ട്രിപ്പു കഴിഞ്ഞ പ്പോൾ ഉള്ള കി.മീ | യാത്ര ക്കൂലി (രൂപ) |
|---|---|---|---|---|---|---|---|
| 1. | കെ.എൽ.22/ സി 560 ടവേര | 31.8.2011 | കാര്യവട്ടം/ 9 എ.എം | 25672 | സിറ്റിയിലെ യാത്ര 7 പി.എം | 25732 | 1750 |
| | ആകെ | | | | | | 1750 |

**3-14 പ്രോജക്ട് - താത്കാലിക നിയമനം - മൂന്ന് വർഷ കാലയളവ് അധികരിക്കാവുന്നതല്ല.**

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിയമം 2010 വകുപ്പ് 7 എം.-ൽ പ്രത്യേക ധനസഹായത്താൽ നടപ്പിലാക്കുന്ന പദ്ധതിയിൻ കീഴിൽ ജീവനക്കാരെ താത്ക്കാലികമായി നിയമിക്കാമെന്നും അപ്രകാരം സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ പരമാവധി കാലയളവ് മൂന്ന് വർഷത്തിൽ അധികരിക്കാവുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. മൂന്നു വർഷത്തിൽ കൂടുതൽ അധികരിക്കുന്ന പ്രോജക്ടുകളിലെ താത്കാലിക നിയമനം സംബന്ധിച്ച് ഇതരവ്യവസ്ഥകൾ ഒന്നും തന്നെ നിലവിലില്ലാത്തതാകുന്നു. മേൽ നിയമ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ജി.എ.8. 585/13/13.2.2013, ജി.എ.8. 585/13/12.2.2013 എന്നീ ഉത്തരവുകളിൽ സി.എം.എൽ.ആർ.ഇ സ്കീം - "ഡിസ്ട്രിബ്യൂഷൻ ഓഫ് ജെലാറ്റിനസ് സൂ പ്ലാങ്ടൺ ഇൻ ദ വെസ്റ്റ് കോസ്റ്റ് ഓഫ് ഇൻഡ്യ ആൻഡ് ദെയർ ഐഡന്റിഫിക്കേഷൻ" സ്കീമിൽ ആവശ്യമായിരിക്കുന്ന സീനിയർ റിസർച്ച് ഫെല്ലോമാരെ 4 വർഷ കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് അനുവദിച്ചിരിക്കുന്നതായി കാണുന്നു. ഈ നടപടി ആക്ടിന് വിരുദ്ധമാണ്. ആക്ടിന് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ ഉൾപ്പെടെയുള്ള അധികാര സ്ഥാനങ്ങൾക്ക് അധികാരമില്ല എന്ന് പരാമർശിത നിയമം 71 -ൽ അസന്നി

Local Fund Audit Department

ഗ്ദ്ധമായി വ്യവസ്ഥ ചെയ്തിരിക്കുന്നതും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ തിരുത്തൽ നടപടികൾ ഈ വിഷയത്തിൽ സ്വീകരിക്കേണ്ടതാണ്.

**3-15 <u>മാസ്റ്റർ പ്ലാൻ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 82454/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

അക്കാദമിക് ഗവേഷണം തുടങ്ങിയ കാര്യങ്ങളിൽ ഭാവിയിൽ സർവ്വകലാശാലയിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടി വൈസ്ചാൻസലറുടെ നിർദ്ദേശപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി വിവിധ മീറ്റിംഗുകളും ചർച്ചകളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ആയത് സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

ഗവേണിംഗ് കൗൺസിൽ നിലവിൽ വരുന്നതിന് മുമ്പാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യത്തിൽ സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഇടയിൽ വേണ്ടത്ര ചർച്ച നടത്തി ഒരു തീരുമാനം എടുത്തതായി കാണുന്നില്ല. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി വരുന്ന ചെലവ് സ്പോൺസർഷിപ്പിനത്തിൽ ലഭിക്കുമെന്നാണ് പ്രോജക്ടിൽ പറയുന്നതെങ്കിലും 1,05,000/- രൂപ മാത്രമാണ് സ്പോൺസർഷിപ്പിനത്തിൽ ലഭിച്ചത്. രൂപ ലഭിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡയറക്ടർ ഓഫ് ഫിഷറീസ് തിരുവനന്തപുരം
(ഡി.ഡി. നം.585797/17/08/2011) : 50,000/- രൂപ

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്
ടെക്നോളജി ആൻഡ് എൻവയോൺമെന്റ്
(ചെക്ക് 095532/09/11/2011) : 30,000/- രൂപ

മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട്
ഡവലപ്മെന്റ് അതോറിറ്റി ചെക്ക് നം.181422/12/07/2011 : 25,000/- രൂപ

മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി ഫിനാൻസ് ഓഫീസറുടെ പേരിൽ എസ്.ബി.ടി. വൈറ്റില ശാഖയിൽ അക്കൗണ്ട് ആരംഭിക്കുകയുണ്ടായി.(അക്കൗണ്ട് നം.67153440994). പരിശോധനയ്ക്കായി ഹാജരാക്കിയിരിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 1,05,000/- രൂപ ലഭിച്ചതിൽ എം.പി.ഇ.ഡി.എ യിൽ നിന്നും ലഭിച്ച 25,000/- രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ വരവു വന്നിരിക്കുന്നത്. ബാക്കി 80,000/- രൂപ

Local Fund Audit Department

ഏത് അക്കൗണ്ടിലൂടെയാണ് മാറിയിരിക്കുന്നത് എന്ന് വ്യക്തമാക്കുവാൻ സർവ്വകലാശാലധികൃതർക്ക് കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ വരവു വന്ന 25,000/- രൂപയിൽ 4,964/- രൂപ 2012-13 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പായി അക്കൗണ്ടിലുണ്ട്. സ്പോൺസർഷിപ്പ് വഴി ലഭിച്ച തുക പോലും പൂർണ്ണമായും ചെലവു ചെയ്യാതെ സർവ്വകലാശാല ഫണ്ട് യഥേഷ്ടം ചെലവഴിച്ച അധികാരികളുടെ നടപടി ഗുരതരമായ കൃത്യവിലോപമായി ഓഡിറ്റ് കാണുന്നു.

വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ ഉണ്ടെങ്കിലും ആയതിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ചെലവു വന്ന തുകകളിൽ കൂടുതലും വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തവരുടെ താമസം, ഭക്ഷണം എന്നീ ഇനത്തിലുള്ളതാണ്. മീറ്റിംഗുകളിൽ പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തിയ രേഖകളൊന്നും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ഗവേണിംഗ് കൗൺസിൽ നിലവിൽ വന്നതിനു ശേഷം നാളിതുവരെ പ്രസ്തുത റിപ്പോർട്ട് ഗവേണിംഗ് കൗൺസിലിൽ വയ്ക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. സർവ്വകലാശാലയിൽ നിലവിലുള്ള ഉന്നത ഉദ്യോഗസ്ഥരിൽ വൈസ്ചാൻസലർ ഒഴികെയുള്ള ആരും തന്നെ പ്രസ്തുത റിപ്പോർട്ട് കാണുകയോ, പഠന വിധേയമാക്കുകയോ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നുള്ളതാണ് വസ്തുത. റിപ്പോർട്ടിൽ പറയുന്ന എന്തെങ്കിലും കാര്യം നാളിതുവരെ നടപ്പിലാക്കിയതായി കാണുന്നില്ല.

സ്പോൺസർഷിപ്പിനത്തിൽ ലഭ്യമായ മുഴുവൻ തുകയും മാസ്റ്റർ പ്ലാനിനു വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കാത്തതിനാലും രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും മാസ്റ്റർ പ്ലാൻ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വരവു ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 1,05,000/- രൂപ സ്പോൺസർഷിപ്പിനത്തിൽ ലഭിച്ചതായും 1,87,454/- ചെലവു വന്നതായും കാണുന്നു. ചെലവു തുകയിൽ സർവ്വകലാശാലയുടെ നോൺപ്ലാൻ ഫണ്ടിൽ നിന്നും ചെലവു ചെയ്ത 82,454/- (187454 - 105000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ചെലവു തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.</u>

| | | |
|---|---|---|
| സി.ബി.വി. 61/05-11 | - | 15000.00 |
| സി.ബി.വി. 2/07-11 | - | 2705.00 |
| സി.ബി.വി. 3/07-11 | - | 2075.00 |
| സി.ബി.വി. 01/08-11 | - | 12354.00 |

| | | |
|---|---|---|
| സി.ബി.വി. 02/08-11 | - | 1298.00 |
| സി.ബി.വി. 135/08-11 | - | 79589.00 |
| സി.ബി.വി. 136/08-11 | - | 22964.00 |
| സി.ബി.വി. 01/10-11 | - | 1300.00 |
| സി.ബി.വി. 173/12-11 | - | 49894.00 |
| സി.ബി.വി. 01/01-12 | - | 275.00 |
| | | -- ------ |
| | | 187454.00 |
| | | =========== |

### 3-16 <u>ബുക്ക് - ബാങ്ക് സ്കീം - മാതൃകാപരം</u>

സർവ്വകലാശാലയിൽ നിന്നും പഠിച്ചിറങ്ങുന്ന ഒരോ വിദ്യാർത്ഥിക്കും തങ്ങളുടെ പഠനമേഖലയിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ സർവ്വകലാശാല മുഖേന വാങ്ങി നൽകുക എന്നതാണ് ബുക്ക് ബാങ്ക് സ്കീം. യൂണിവേഴ്സിറ്റി ലൈബ്രറി മുഖേനയാണ് സ്കീം നടപ്പിലാക്കുന്നത്. സർവ്വകലാശാലയിൽ നിന്നും ലഭ്യമാകുന്ന കാറ്റലോഗിൽ നിന്നും ആവശ്യമായ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത് നൽകാവുന്ന താണ്. ഇപ്രകാരം വാങ്ങുന്ന പുസ്തകങ്ങളുടെ വിലയുടെ 50% യൂണിവേഴ്സറ്റി ഗ്രാന്റായി നൽകുന്നതിന് പദ്ധതി അനുവദിക്കുന്നുണ്ടെങ്കിലും ആയത് പ്രതിവർഷം 200/- രൂപ എന്ന പരിധിയ്ക്ക് വിധേയമാകുന്നു. കോഴ്സിന്റെ അവസാന പാദം (ബിരുദ വിദ്യാർത്ഥികൾക്ക് നാലാം വർഷവും പി.ജി വിദ്യാർത്ഥികൾക്ക് രണ്ടാം വർഷവും) അനുവദനീയമായ സഹായധനത്തിന്റെ അത്ര തന്നെ തുക വിദ്യാർത്ഥിയും ചെലവ് ചെയ്താണ് പുസ്തകങ്ങൾ വാങ്ങുന്നത്. ഇതു പ്രകാരം അവസാന ബി.എഫ്.എസ്.സി ബിരുദ വിദ്യാർത്ഥിക്ക് 1600/- രൂപ, പി.ജി. വിദ്യാർത്ഥികൾക്ക് 800/- രൂപ എന്നീ ക്രമ ത്തിൽ മുഖവിലയുള്ള പുസ്തകങ്ങൾ സഹായധനം ഉപയോഗിച്ച് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയിൽ തൻവർഷം 81,494.00 രൂപ വിലയുള്ള 160 പുസ്തകങ്ങൾ വാങ്ങി 66 വിദ്യാർത്ഥികൾക്ക് നൽകുകയുണ്ടായി. ഇതിലേയ്ക്ക് 38,681/- രൂപ യൂണിവേഴ്സിറ്റി ഗ്രാന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

വളരെ കാര്യക്ഷമമായിത്തന്നെ ഈ സ്കീം യൂണിവേഴ്സിറ്റി നടത്തിവരുന്നു. സ്കീം പ്രകാരം വാങ്ങുന്ന പുസ്തക വിശദാംശം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖ പ്പെടുത്തുകയു തുടർന്ന് അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു വരുന്നു. പഠനം പൂർത്തീകരിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഭാവി പഠനത്തിന് പ്രയോജനപ്പെടും എന്ന ഉദ്ദേശത്തോടു കൂടി കോഴ്സിന്റെ അവസാനപാദമാണ് സ്കീം നടപ്പിലാക്കി വരു ന്നത്. റഫറൻസ് ഗ്രന്ഥങ്ങൾ എന്ന നിലയിൽ ആദ്യവർഷമോ വർഷാവർഷമോ പുസ്തക വിതരണം നടത്താവുന്നതാണ്. ഇപ്രകാരം വിതരണം ചെയ്യുമ്പോൾ ഒരോ

Local Fund Audit Department

വിദ്യാർത്ഥിയുടെയും പഠന മികവ് വിലയിരുത്തി ഈ സ്കീം കൊണ്ട് വിദ്യാർത്ഥി കൾക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുവാൻ സാധിക്കുന്നതാണ്. നിലവിലെ സ്കീം വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ സഹായകരമാകുന്നില്ല. ആയതിനാൽ മാതൃകാപരമായ ഈ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് സർവ്വകലാശാല യുടെ തീരുമാനം അനിവാര്യമാകുന്നു.

**3-17 ഓഫീസ് പാർട്ടീഷൻ പ്രവൃത്തി - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല - ചെലവ് തട സ്സപ്പെടുത്തുന്നു - രൂപ 295680/-**

യൂണിവേഴ്സിറ്റി ഓഫീസിൽ ഫിനാൻസ് സെക്ഷൻ, ക്യാഷ് കൗണ്ടർ, രജിസ്ട്രാ റുടെ ഓഫീസ് എന്നിവ പാർട്ടീഷൻ ചെയ്യുന്നതിനായി 2,95,680/- രൂപ ചെലവഴിക്കുക യുണ്ടായി.

| വൗച്ചർ നം | തുക | ചെക്ക് നം |
|---|---|---|
| വൗച്ചർ നം. 113-6/11 | 112350/- രൂപ | ചെക്ക് നം.033149/28.6.2011 |
| വൗച്ചർ നം.126-6/11 | 183330/- രൂപ | ചെക്ക് നം.034425/26.8.2011 |
| ആകെ | 295680/- രൂപ | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതെ യാണ് പ്രസ്തുത പ്രവൃത്തി ചെയ്തിരിക്കുന്നതെന്ന് കണ്ടെത്തി. പി.ഡബ്ലിയൂ.ഡി മാന ്വൽ ഖണ്ഡിക 10.3.1 പ്രകാരം വിവിധ ഇനങ്ങളുടെ വർണ്ണന, അളവുകൾ, യൂണിറ്റ് നിരക്ക് കാണിക്കുന്ന ഡാറ്റാ ഷീറ്റ് എന്നിവ ഉൾപ്പെടുന്ന വിശദമായ എസ്റ്റിമേറ്റ് പ്രസ്തുത പ്രവൃത്തിക്ക് തയ്യാറാക്കിയിട്ടില്ല. പാർട്ടീഷൻ ചെയ്യേണ്ട സെക്ഷനുകളുടെ വിവരം, ഉപയോഗിക്കേണ്ട സാമഗ്രികൾ എന്നിവ ഉൾപ്പെടുത്തി ഒരു ക്വട്ടേഷൻ തയ്യാറാ ക്കുകയാണ് ചെയ്തിരിക്കുന്നത്. പൊതുമരാമത്ത് ഷെഡ്യൂൾ/നിലവിലുള്ള വിപണി നിരക്ക് അടിസ്ഥാനമാക്കി ഒരോ ഇനത്തിലുമുള്ള യൂണിറ്റ് നിരക്ക് കണക്കാക്കിയിട്ടില്ല. പ്രസ്തുത ക്വട്ടേഷൻ പ്രചാരണാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുമില്ല. ഫയൽ പ്രകാരം ലഭ്യമായ മൂന്നു ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1. | രേശ്മ വുഡ് ക്രാഫ്റ്റ്സ്, അരൂർ | 2,95,680/- |
| 2. | ആർ.ആർ. കൺസ്ട്രക്ഷൻസ്, കൊച്ചി | 3,36,050/- |
| 3. | ടൈഗർ വുഡ് ക്രാഫ്റ്റ്സ് | 3,29,775/- |



Local Fund Audit Department

ഇവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രേശ്മ വുഡ് ക്രാഫ്റ്റ്സ് എന്ന സ്ഥാപനത്തിന് പ്രവൃത്തി ചെയ്യാനുള്ള അനുമതി നൽകി പൊതുമരാമത്ത് ഷെഡ്യൂൾ/വിപണി നിരക്ക് പ്രകാരമുള്ള അടിസ്ഥാന വിവര പട്ടിക ഇല്ലാതെ ഒരു സ്ഥാപനം സ്വന്തമായി തയ്യാറാക്കി സമർപ്പിക്കുന്ന നിരക്കിന്റെ ആധികാരികത എപ്രകാരം നിർണ്ണയിച്ചു എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. രേശ്മ വുഡ് ക്രാഫ്റ്റ്സിന് പ്രവൃത്തി ചെയ്യുവാൻ 22.05.2011 –ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയോ, സ്ഥാപനം കരുതൽ നിക്ഷേപം അടവാക്കുകയോ ചെയ്തിട്ടില്ല. ഫിനാൻസ് സെക്ഷൻ, ക്യാഷ് കൗണ്ടർ എന്നിവയുടെ മാത്രം പ്രവൃത്തി പൂർത്തീകരിച്ചു എന്ന് സ്ഥാപനം അറിയിച്ചതിനെ തുടർന്ന് 28.6.2011 ന് ആദ്യപാർട്ട് ബില്ലിൽ നിന്നും കരുതൽ നിക്ഷേപമായി 14,800/– രൂപ ഈടാക്കിയിരിക്കുന്നതായും ബാക്കി തുക 97,550/– രൂപ കരാറുകാരന് നൽകിയതായും കാണുന്നു. ഈ നടപടിക്ക് ശേഷമാണ് പ്രസ്തുത സ്ഥാപനവുമായി കരാർ ചമച്ചിരിക്കുന്നത് എന്നും കാണുന്നു. അവശേഷിക്കുന്ന തുക 1,83,330/– രൂപ രജിസ്ട്രാറുടെ ക്യാബിൻ, അവശേഷിച്ച മറ്റു പ്രവൃത്തികൾ പൂർത്തിയാക്കിയതിനെ തുടർന്ന് 06.08.2011 ന് അനുവദിച്ചു നൽകിയതായി കാണുന്നു.

മേൽ പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് മാന്വലിലെ മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്നു കാണുന്നു. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 10.2.1 പ്രകാരം ഭരണാനുമതിയും, സാങ്കേതികാനുമതിയും, സാമ്പത്തികാനുമതിയും ലഭിച്ചതിന് ശേഷമേ പ്രവൃത്തി ആരംഭിക്കാവൂ എന്നിരിക്കെ ഇവയൊന്നും ഇല്ലാതെ തന്നെ വർക്ക് ഓർഡർ നൽകിയത് ക്രമ വിരുദ്ധമാകുന്നു. പ്രവൃത്തിക്കാവശ്യമായ സ്കെച്ച്, പ്ലാൻ, അവയ്ക്ക് അനുസൃതമായ കരട് എസ്റ്റിമേറ്റ് എന്നിവയൊന്നും തയ്യാറാക്കാതെയും പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച പ്ലാൻ അംഗീകരിക്കുകയാണ് അധികൃതർ ചെയ്തിരിക്കുന്നത് എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 15.9.5 പ്രകാരം വർക്ക് ഓർഡർ നൽകുന്നതിന് മുമ്പ് പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തിയുമായി/സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ് എന്നു വ്യവസ്ഥയുണ്ടെങ്കിലും ആയത് പാലിക്കാതെ പ്രവൃത്തി പകുതിയോളം പൂർത്തിയായതിനു ശേഷം മാത്രമാണ് രേശ്മ വുഡ് ക്രാഫ്റ്റ്സുമായി കരാർ ചമയ്ക്കുന്നത്. ഇപ്രകാരം പൊതുമരാമത്ത് ചട്ടങ്ങൾ ഒന്നൊന്നായി ലംഘിക്കപ്പെട്ടിരിക്കുന്നതിനാൽ മേൽകാര്യങ്ങൾക്ക് തൃപ്തികരമായി വിശദീകരണം ആവശ്യമാകുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവായ 2,95,680/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

**3–18 <u>സാമ്പത്തിക, ഭരണാധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകാത്തത് – സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നത് സംബന്ധിച്ച്.</u>**

സർവ്വകലാശാലയിൽ നാളിതുവരെ അധികാര വികേന്ദ്രീകരണം നടത്തി ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. സ്റ്റാറ്റ്യൂട്ട് നിലവിൽ വരുന്നതു വരെ കേരള കാർഷിക സർവ്വകലാശാലയുടെ 'ഡെലിഗേഷൻ ഓഫ് പവർ' അനുവർത്തിക്കുവാനാണ് ഗവേണിംഗ് കൗൺസിൽ തീരുമാനം. ആയതിന്റെ എന്തെങ്കിലും നടപടി നാളിതുവരെ വൈസ്ചാൻസലറുടെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. കേരളത്തിലെ മറ്റു സർവ്വകലാശാലകളെ അപേക്ഷിച്ച് എല്ലാ അധികാരങ്ങളും വൈസ്ചാൻസലറിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഒരു കാഴ്ചയാണ് ഈ സർവ്വകലാശാലയിൽ കാണുന്നത്. ആയതു കൊണ്ടു തന്നെ സർവ്വകലാശാലയിലെ സുപ്രധാന തസ്തികകൾ പലതും ആലങ്കാരിക പദവികൾ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്.

വൈസ്ചാൻസലർ ഒഴികെയുള്ള ഉദ്യോഗസ്ഥർക്ക് ഒരു കാര്യത്തിലും തീരുമാനമെടുക്കുവാൻ കഴിയാത്ത സാഹചര്യമാണ് സർവ്വകലാശാലയിലേത്. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി രജിസ്ട്രാർ തലത്തിൽ തന്നെ തീർപ്പാക്കേണ്ട നിരവധി ഫയലുകൾ ഉണ്ട്. എന്നാൽ സർവ്വകലാശാലയിൽ എല്ലാ ഫയലുകളും വൗച്ചറുകളും വൈസ് ചാൻസലർ കണ്ട് തീരുമാനമെടുക്കുന്ന രീതിയാണ് ഉള്ളത്. ഇത് സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണം നടത്തി ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തന്നതിനാവശ്യമായ ശക്തമായ നടപടികൾ ഗവേണിംഗ് കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാവണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**3–19 <u>വിദ്യാർത്ഥികളുടെ എണ്ണം – കുറവ് പരിഹരിക്കുന്നതിനുള്ള നടപടി അനിവാര്യം</u>**

പനങ്ങാട് ഫിഷറീസ് കോളേജ് 2011 മുതൽ ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയായി മാറിയെങ്കിലും വിദ്യാർത്ഥികളെ ഈ സർവ്വകലാശാലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടി ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. പുതുതായി സെന്ററുകൾ ആരംഭിക്കുവനോ, ഉള്ള സെന്റർ തന്നെ പ്രയോജനപ്പെടുത്തുവാനോ, കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനോ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. ഫിഷറീസും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നിരവധി ഗവേഷണ സ്ഥാപനങ്ങൾ എറണാകുളം ജില്ലയിൽ തന്നെ ഉണ്ടായിട്ടു പോലും ആ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആശയവിനി

മയം നടത്തിയും എന്തെങ്കിലും പുതിയ സംരഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാലാധി കൃതരുടെ ഭാഗത്തു നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് സർവ്വകലാശാലയുടെ ഭാവി പുരോഗതിക്ക് വളരെ സഹായകമാകും എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

2011-12 -ൽ ബി.എഫ്.എസ്.സി (4 വർഷം, 50 വിദ്യാർത്ഥികൾ) എം.എഫ്.എസ്.സി (2 വർഷം 18 വിദ്യാർത്ഥികൾ), പി.എച്ച്.ഡി (2 വർഷം 6 വിദ്യാർത്ഥികൾ) എന്നീ കോഴ്സുകളിലായി 248 വിദ്യാർത്ഥികൾ പഠിക്കേണ്ട സ്ഥാനത്ത് 195 വിദ്യാർത്ഥികൾ മാത്രമാണ് സർവ്വകലാശാലയിൽ പഠിക്കുന്നത്. 2012-13 വർഷവും ഈ സ്ഥിതിക്ക് വലിയ മാറ്റമൊന്നും വന്നതായി കാണുന്നില്ല. ഫിസിക്കൽ ഓഷ്യനോഗ്രാഫി ആൻഡ് ഓഷ്യൻ മോഡലിംഗ്, ബയോളജിക്കൽ ഓഷ്യനോഗ്രാഫി & ബയോഡൈവേഴ്സിറ്റി, എം.ബി.എ എന്നീ മൂന്ന് ബിരുദാനന്തര ബിരുദ കോഴ്സുകൾ 2012 സർവ്വകലാശാല ആരംഭിച്ചെങ്കിലും ആയതിൽ അനുവദിക്കപ്പെട്ടിട്ടുള്ളതിന്റെ പകുതി വിദ്യാർത്ഥികൾ പോലും ചേർന്നിട്ടില്ല എന്നു കാണുന്നു. പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലാണ് 3 കോഴ്സുകളിലേയ്ക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരിക്കുന്നത്. എം.ബി.എ ഒഴികെയുള്ള കോഴ്സുകളിലേയ്ക്ക അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ അത്ര എണ്ണം വിദ്യാർത്ഥികൾ പോലും പ്രവേശന പരീക്ഷയ്ക്ക് ഹാജരായിട്ടില്ല എന്നു കാണുന്നു. 10 സീറ്റുള്ള ഒരു കോഴ്സിന്റെ പ്രവേശന പരീക്ഷയ്ക്ക് യോഗ്യതയുള്ള ഒരു വിദ്യാർത്ഥി മാത്രമാണ് ഹാജരായത്. സ്പോട്ട് അഡ്മിഷൻ വഴി 3 പേരെ കൂടി ഉൾപ്പെടുത്തിയാണ് ഇപ്പോൾ ഈ കോഴ്സ് മുന്നോട്ട് പോകുന്നത്. മെറിറ്റുള്ള വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ അഡ്മിഷൻ നേടുന്നില്ല എന്നു കാണുന്നു. 80 ശതമാനത്തിലേറെ മാർക്കുള്ള 3 വിദ്യാർത്ഥികൾ മാത്രമാണ് എം.ബി.എ പ്രവേശന പരീക്ഷയ്ക്ക് ഹാജരായത്.

Local Fund Audit Department

വേണ്ടത്ര പഠനം നടത്താതെയാണ് കോഴ്സുകൾ പലതും ആരംഭിച്ചിരിക്കുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. അതു പോലെ കോഴ്സുകളെ കുറിച്ച് ആവശ്യമായ പ്രചാരണം നടത്തുവാനോ ഉചിതമായ സമയത്ത് കോഴ്സുകൾ ആരംഭിക്കുവാനോ സർവ്വകലാശാലയ്ക്ക് കഴിഞ്ഞതായി കാണുന്നില്ല.

വിദ്യാഭ്യാസ രംഗത്തെ ഈ തകർച്ചയിൽ നിന്നും സർവ്വകലാശാലയെ കരകയറ്റുന്നതിനുള്ള കാര്യമായ യാതൊരു പ്രവർത്തനങ്ങളും സർവ്വകലാശാലധികൃതരുടെ ഭാഗത്തു നിന്നും നാളിതുവരെ ഉണ്ടായതായി കാണുന്നില്ല. ഫിഷറീസ് സമുദ്രപഠന ശാഖയെക്കുറിച്ച് വലിയ അവഗാഹമില്ലാത്തതും, കോഴ്സു കഴിഞ്ഞിറങ്ങിയാൽ തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മയും വിദ്യാർത്ഥികളെ ഈ സർവ്വകലാശാലയിൽ പ്രവേശനം നേടുന്നതിൽ നിന്നും തടയുന്ന വസ്തുത

കളാണ്. സമാന മേഖലയിലെ വിദ്യാഭ്യാസ വിദഗ്ധരുമായുള്ള ആശയവിനിമയവും അതോടൊപ്പം ചർച്ചകളും സെമിനാറുകളുമൊക്കെ സംഘടിപ്പിച്ച് ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ സർവ്വകലാശാല ശ്രമിക്കേണ്ടതാണ്.

**3–20 <u>സർവ്വകലാശാലയുടെ ആവശ്യാർത്ഥം ഏറ്റെടുത്ത ഭൂമിയിൽ ഉടമസ്ഥാവകാശത്തിന് നടപടി സ്വീകരിക്കാതിരുന്നത് അനുചിതം.</u>**

കേരള റവന്യൂ ബോർഡ് സെക്രട്ടറിയുടെ എൽ.ഡി.എസ്–37669/80 എൽ.ആർ.സി : 3/6.10.1980 ഡിക്ലറേഷനെ തുടർന്ന് 1961 –ലെ കേരള സ്ഥലമെടുപ്പ് നിയമം വകുപ്പ് 19.4 ന് വിധേയമായി കണയന്നൂർ താലൂക്ക് കുമ്പളം വില്ലേജ് പനങ്ങാട് ദേശത്ത് 416, 425 മുതൽ 436, 438 മുതൽ 461, 463 മുതൽ 469, 477 മുതൽ 480, 500, 508 മുതൽ 512, 701, 728 എന്നീ സർവ്വേ നമ്പറുകളിലായി ആകെ 31.027 ഹെക്ടർ ഭൂമി തൃശൂർ കാർഷിക സർവകലാശാലയുടെ ഫിഷറീസ് കോളേജ്, പനങ്ങാട് കേന്ദ്രത്തിന്റെ ആവശ്യാർത്ഥം ഏറ്റെടുക്കുന്നതിന് സർക്കാർ അടിയന്തിര സ്വഭാവത്തോടുകൂടിയ വിജ്ഞാപനം പുറപ്പെടുവിച്ച് ഭൂമി ഏറ്റെടുത്തു. പ്രസ്തുത സ്ഥലത്ത് നിശ്ചിത കോളേജും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറി നൽകിയിട്ടുണ്ട്. മേൽ ഭൂമിയിൽ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല നടത്തിയിട്ടുണ്ടെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിനും കരം ഒടുക്കുന്നതും അടക്കമുള്ള നടപടികൾ ഒന്നും തന്നെ കാർഷിക സർവ്വകലാശാല നാളിതുവരെ സ്വീകരിച്ചിട്ടില്ല. തന്മൂലം റവന്യൂ രേഖകളിൽ റവന്യൂ പുറമ്പോക്ക് പട്ടികയിൽ മേൽഭൂമി ഉൾപ്പെടുകയും പട്ടിക ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയതായും ഫിഷറീസ് കോളേജ് ഡീൻ 20.11.1999 –ലെ കത്തിൽ സാക്ഷ്യപ്പെടുത്തുകയും നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഭൂമിയിൽ നിന്നും ഇപ്രകാരം 2.3257 ഹെക്ടർ സ്ഥലം സർക്കാർ മറ്റ് ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകിയതിന് ശേഷം 28.3261 ഹെക്ടർ സ്ഥലം മാത്രമാണ് സർവ്വകലാശാലയുടെ കൈവശമുള്ളതെന്നും സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ കുമ്പളം വില്ലേജ് ഓഫീസറുടെ 459/09, 31.7.2009 കത്തിൽ ഒട്ടാകെ 27.45.20 ഹെക്ടർ ഭൂവിസ്തൃതി ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

01.04.2011 മുതൽ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല പനങ്ങാട് പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന്, 2010 –ലെ സർവ്വകലാശാല നിയമം വകുപ്പ് 73 –ൽ കാർഷിക സർവ്വകലാശാല തൃശൂർ –ന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വന്നിരുന്ന പനങ്ങാട് ഫിഷറീസ് കോളേജ്, പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷൻ എന്നിവയും ഇവകളുടെ അനുബന്ധ സൗകര്യങ്ങളും സ്ഥാവര ജംഗമ ആസ്തി ബാദ്ധ്യതകളും സർക്കാർ തീരുമാനത്തിനു വിധേയമായി കേരള ഫിഷറീസ് സർവ്വകലാശാലയ്ക്ക് കൈവശം സിദ്ധിച്ച് നിക്ഷിപ്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം പരാമർശിതഭൂമിയുടെ കൈവശാവ

Local Fund Audit Department

കാശം ഫിഷറീസ് സർവ്വകലാശാലയ്ക്ക് സിദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിനും കരം ഒടുക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, സർവ്വകലാശാല ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്ന തിനുമുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുമാകുന്നു.

കൊച്ചി താലൂക്ക് പരിധിയിൽ പുതുവൈപ്പ് വില്ലേജിൽ പ്രവർത്തിച്ചു വരുന്ന സർവ്വകലാശാല പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷന് സർക്കാർ ആകെ അനുവദിച്ചു നൽകിയിരുന്ന 50 ഏക്കർ ഭൂമിയിൽ നിന്നും വല്ലാർപാടം എൽ.എൻ.ജി ടെർമിനലിന് കൈമാറി നൽകിയ 20 ഏക്കർ കുറവ് ചെയ്ത് ഇപ്പോൾ കേവലം 30 ഏക്കർ ഭൂമി മാത്ര മാണ് സ്വന്തമായിട്ടുള്ളത്.

തിരുവനന്തപുരം ജില്ലയിൽ സർവ്വകലാശാല പ്രാദേശിക കേന്ദ്രം ആവശ്യത്തി ലേയ്ക്ക് തിരുവല്ലം വില്ലേജ് റീസർവ്വേ 613 –ൽ 10 ഏക്കർ ഭൂമി ജി.ഒ(എം.എ സ്)519/2010/റവന്യൂ/21.12.2010 ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ ഭൂമിയും സർവ്വകലാശാലയുടെ പേരിൽ പോക്കുവരവ് ചെയ്ത് ഉടമസ്ഥത ഉറപ്പിക്കുന്ന തിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്.

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന ഭൂമിയുടെ വിശദാംശവും സൃഷ്ടി ക്കപ്പെട്ട ആസ്തിയിൽ ലഭ്യമായവയുടെ വിശദാംശവും അനുബന്ധം 3 –ൽ ഉൾപ്പെ ടുത്തി റിപ്പോർട്ടിന്റെ അവസാന ഭാഗം ചേർത്തിട്ടുണ്ട്.

Local Fund Audit Department

**3–21 <u>സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ല – പ്രാരംഭ തസ്തികയിൽ ജീവനക്കാർ ഇല്ല.</u>**

01.04.2011 –ലാണ് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല പ്രവർത്തനം ആരംഭിക്കുന്നത്. തൃശൂർ കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായിരുന്ന ഫിഷറീസ് കോളേജ് യഥാർത്ഥത്തിൽ പുതിയതായി രൂപീകൃതമായ സർവ്വകലാശാല യായി മാറുകയായിരുന്നു. സർവ്വകലാശാലയിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാന പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും അസിസ്റ്റന്റ് 8, സെക്ഷൻ ഓഫീസർ 3, സെക്ഷൻ ഓഫീസർ(എഫ്.സി. & ഡി) 3 എന്നിങ്ങനെ 14 തസ്തികകൾ ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മാറ്റുകയുണ്ടായി. എന്നാൽ ഫിഷറീസ് ആൻഡ് പോർട്ട്(ബി) ഡിപ്പാർട്ട്മെന്റിന്റെ 27.04.2012 –ലെ ജി.ഒ(ആർ.ടി)369/2012 എഫ് & പി.ഡി പ്രകാരം സർവ്വകലാശാലയിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ എണ്ണം 89

ആണ്. 29.09.2012 –ലെ ജി.ഒ(ആർ.റ്റി)1946/2012 എ.ഡി. നം. ഉത്തരവു പ്രകാരം ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ തസ്തിക കൂടി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അങ്ങനെ നിലവിൽ സർവ്വകലാശാലയിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ ആകെ എണ്ണം 90 ആണ്.

01.04.2011 –ൽ സർവ്വകലാശാല നിലവിൽ വന്നതാണെങ്കിലും നാളിതുവരെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയോ അതിന് അനുസൃതമായി ഒരോ തസ്തികയിലെയും ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. പനങ്ങാട് ഫിഷറീസ് കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ കൂടാതെ തൃശൂർ കാർഷിക സർവ്വകലാശാലയിൽ നിന്നും ഓപ്ഷൻ നൽകി വന്ന ജീവനക്കാരും ഉൾപ്പെടുന്നതാണ് ഫിഷറീസ് സർവ്വകലാശാലയിലെ ജീവനക്കാർ. സർവ്വകലാശാല രൂപീകൃതമായതിനെ തുടർന്ന് ജീവനക്കാരുടെ തസ്തിക, എണ്ണം, സൂപ്പർവൈസറി തസ്തികകൾ സഹിതം സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരെ നിയമിക്കേണ്ടത് എന്ന കാര്യം മുൻകൂട്ടി തീരുമാനിക്കുകയും ആയതിന് സർക്കാരിന്റെ അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് മുമ്പ് തന്നെ സർവ്വകലാശാലയായി മാറിയ പനങ്ങാട് ഫിഷറീസ് കോളേജിൽ നിലവിലുണ്ടായിരുന്ന മുഴുവൻ ജീവനക്കാരെയും അവർ ജോലി ചെയ്തുകൊണ്ടിരുന്ന തസ്തിക സഹിതം നിലനിർത്തി ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ ജീവനക്കാരായി അംഗീകരിക്കുകയും തുടർന്ന് മാതൃ സർവ്വകലാശാലയായ കാർഷിക സർവ്വകലാശാലയിൽ നിന്നും ഓപ്ഷൻ നൽകി വന്ന 15 ജീവനക്കാരെ അവർ ജോലി ചെയ്തിരുന്ന തസ്തികകൾ സഹിതം ഇവിടേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

ഇക്കാരണത്താൽ സർവ്വകലാശാലയിൽ പല കാറ്റഗറികളിലും പ്രാരംഭ തസ്തികയിൽ ജീവനക്കാരില്ലാത്ത അവസ്ഥ സംജാതമായി. അസിസ്റ്റന്റ് തസ്തികയിലും ടൈപ്പിസ്റ്റ് ഗ്രേഡ് II, ഗ്രേഡ് I, തസ്തികകളിലും ജീവനക്കാർ ആരും ഇല്ല. സർവ്വകലാശാലയിൽ 20 അസിസ്റ്റന്റുമാരുള്ളതിൽ 13 പേർ സെലക്ഷൻ ഗ്രേഡും, 7 പേർ സീനിയർ ഗ്രേഡുമാണ്. അതുപോലെ 6 ടൈപ്പിസ്റ്റുമാരുള്ളതിൽ 3 പേർ സീനിയർ ഗ്രേഡും 3 പേർ സെലക്ഷൻ ഗ്രേഡുമാണ്. സർവ്വകലാശാലയിൽ 6 ടൈപ്പിസ്റ്റുമാരുള്ളപ്പോൾ സൂപ്പർവൈസറി പോസ്റ്റിൽ 3 ഓഫീസ് സൂപ്രണ്ടും 4 സെക്ഷൻ ഓഫീസറും ഉൾപ്പെടെ 7 പേർ നിലവിലുണ്ട്. ഇവർക്ക് അർഹമായ രീതിയിൽ ജോലി വിഭജനം നടത്തി ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന കാര്യത്തിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി ഓഡിറ്റ് കാണുന്നു.

Local Fund Audit Department

20 അസിസ്റ്റന്റുമാർ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ മേൽ നോട്ടച്ചുമ തലയ്ക്ക് സെക്ഷൻ ഓഫീസർമാരുടെ മുകളിലായി ഒരു ഡെപ്യൂട്ടി രജിസ്ട്രാർ മാത്രമാണുള്ളത്. സർവ്വകലാശാല സ്റ്റാഫ് പാറ്റേൺ പ്രകാരം സൂപ്പർവൈസറി തസ്തികയിൽ അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ തസ്തികകൾ ആവശ്യമാകുന്നു. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുകയും ആയതിലേയ്ക്ക് ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നതു മൂലം സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും കഴിയുന്നതാണ്.

**3-22 ഏഷ്യാ-പസഫിക്ക് അക്വാകൾച്ചർ - 2011.**

മത്സ്യകൃഷി ലോകമാകമാനം പ്രചരിപ്പിക്കുന്നതിനും മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച സംഘടനയാണ് വേൾഡ് അക്വാകൾച്ചർ സൊസൈറ്റി. ലോകത്തിലെ പ്രധാന മൽസ്യോൽപാദന രാജ്യങ്ങൾ അംഗങ്ങളായ ഈ സംഘടന മൽസ്യോൽപാദന രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, സംരഭകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങി ഏവർക്കും പ്രയോജനകരമായ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു.

മൽസ്യകൃഷി സംഘടനയുടെ ഏഷ്യാ പസഫിക്ക് മീറ്റിന്റെ 2011 -ലെ വാർഷിക കോൺഫറൻസ് 2011 ജനുവരി മാസം 17 മുതൽ 21 വരെ തീയതികളിൽ കൊച്ചിയിലെ ലെമെറീഡിയൻ കൺവെൻഷൻ സെന്ററിൽ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പനങ്ങാട് ഫിഷറീസ് കോളേജിന്റെയും, ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.

ശുദ്ധജലത്തിലെയും, ഓരുജലത്തിലെയും, സമുദ്രജലത്തിലെയും വിവിധ കൃഷി രീതികൾ വിശദമാക്കുന്ന പ്രബന്ധങ്ങൾ, മൽസ്യകൃഷിയിൽ ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം, പുതിയയിനം മൽസ്യങ്ങളുടെ കൃഷിയും ഉപഭോഗവും, അലങ്കാര മൽസ്യകൃഷി, ആധുനിക വിപണന സാങ്കേതിക വിദ്യകൾ എന്നിവയെ സംബന്ധിച്ച സെമിനാറുകളും ചർച്ചകളും പ്രസ്തുത കോൺഫറൻസിന്റെ ഭാഗമായി നടത്തപ്പെട്ടു. കൂടാതെ ആറ്റുകൊഞ്ചിനെ അടിസ്ഥാനമാക്കി GIANT PRAWN-2011 എന്നൊരു പ്രത്യേക കോൺഫറൻസും ഇതോടൊപ്പം ജനുവരി 19 മുതൽ 21 വരെ നടത്തുകയുണ്ടായി.

Local Fund Audit Department

ഏഷ്യാ പസഫിക് അക്വാകൾച്ചർ 2011 -ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എ.പി. എ.2011, കൊച്ചി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുമ്പളം ശാഖയിൽ അക്കൗണ്ട് തുടങ്ങി (അക്കൗണ്ട് നം. 31194964155). പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ടി പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രാഥമിക പരിശോധനയിൽ 1,09,34,539/- രൂപ വരവും 1,09,26,323/- ചെലവും വന്നിട്ടുള്ളതായി കാണുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് കത്തു നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വിശദമായ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതുമായിരിക്കും.

## 3-23 വിവിധ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും ലഭിച്ച ധന സഹായം സംബന്ധിച്ച്

2011-12 വർഷം സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യമായി 9,10,069/- രൂപ ലഭിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം ലഭിക്കേണ്ട മുഴുവൻ തുകയും 2011-12 -ൽ തന്നെ ലഭിച്ചിട്ടുണ്ട്. ഒരോ വിഭാഗത്തിലും പെട്ട വിദ്യാർത്ഥികൾക്ക് ലഭിച്ചതും വിതരണം ചെയ്തതുമായ ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം | മെസ് ഫീ | ഹോസ്റ്റൽ ഫീ/ട്യൂഷൻ ഫീ | ആകെ |
|---|---|---|---|---|
| പട്ടികജാതി | 31 | 338359 | 126500 | 464859 |
| പട്ടികവർഗ്ഗം | 3 | 39871 | 10420 | 50291 |
| ഒ.ഇ.സി | 17 | 219808 | 51640 | 271448 |
| സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (എസ്.ഇ.ബി.സി) | 19 | 28421 | 95050 | 123471 |
| ആകെ | | 626459 | 283610 | 910069 |

Local Fund Audit Department

## 3-24 ഫിഷറീസ് സ്റ്റേഷൻ, പുതുവൈപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി 1979 -ൽ രൂപീകൃതമായതും, 01.04.2011 മുതൽ ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ ഭാഗമായിത്തീർന്നതുമായ പ്രസ്തുത സ്റ്റേഷൻ എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപുകളുടെ തെക്കു പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഗവേഷണം, പഠനം, മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം, വിതരണം എന്നിവയാണ് ഈ സ്റ്റേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ. ഫീഡർ കനാൽ, ചാനലുകൾ എന്നിവ വഴി കടലുമായി ബന്ധപ്പെട്ടു കിടക്കുന്ന ചെറുതും വലുതുമായ 50 ഓളം കുളങ്ങൾ ഈ സ്റ്റേഷനിലുണ്ട്. കൂടാതെ അപൂർവ്വയിനം കണ്ടലുകളുടെ ശേഖരം ഈ സ്റ്റേഷന്റെ പ്രത്യേകതയാണ്.

2011-12 സാമ്പത്തിക വർഷം 650000/- രൂപയുടെ വരുമാനം മൽസ്യം, കണ്ടൽതൈകൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെ വിൽപ്പനയിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇതിൽ 1,00,000/- രൂപ കണ്ടൽതൈകളുടെ വിൽപ്പനയിൽ നിന്നുള്ളതാണ്. 01.04.2011 -നു ശേഷം മേൽ ഇനങ്ങളുടെ വിൽപ്പന വില പരിഷ്കരിച്ചിട്ടില്ല. ലോക്കൽ മാർക്കറ്റിലെ നിരക്കുമായി താരതമ്യപ്പെടുത്തി വിൽപ്പനവിലയിൽ വേണ്ടത്ര വർദ്ധനവു വരുത്തിയാൽ സ്റ്റേഷന്റെ വരുമാനം വർദ്ധിപ്പിക്കാനാവും.

പുതുവൈപ്പ് സ്റ്റേഷൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ആവശ്യത്തിന് ജീവനക്കാരില്ല എന്നുള്ളതാണ്. അംഗീകൃത തസ്തികകൾ പലതും ഒഴിഞ്ഞുകിടക്കുകയാണ്. നിലവിലുണ്ടായിരുന്ന സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് എന്നിവരെ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ പനങ്ങാട് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് നിയമിച്ചിരിക്കുന്നു. മൂന്ന് അദ്ധ്യാപക തസ്തികകളുള്ളതിൽ രണ്ടു തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. കൂടാതെ സി.എം.എൽ.ആർ.ഇ. സ്കീമിന്റെ ഭാഗമായി പുതുവൈപ്പ് സ്റ്റേഷനിൽ നിയമിതയായ ഓഫീസ് അസിസ്റ്റന്റ്-കം-അക്കൗണ്ടന്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഹെഡ്ക്വാർട്ടേഴ്സിൽ നിയമിച്ചിരിക്കുന്നു. ഇതിന്റെ യുക്തി മനസ്സിലാകുന്നില്ല. ഈ പ്രവർത്തികളെല്ലാം തന്നെ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാണ്. സർവ്വകലാശാലാ അധികൃതരുടെ ഭാഗത്തു നിന്നും വേണ്ടത്ര പരിഗണന നൽകി, ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചാൽ സ്റ്റേഷനിൽ നിന്നുള്ള റവന്യൂ വരുമാനവും സ്റ്റേഷന്റെ പ്രവർത്തനവും അങ്ങേയറ്റം മെച്ചപ്പെടുത്തുവാൻ കഴിയും.

ജി.ഒ(എം.എസ്)1497/78/ആർ.ഡി/6.12.1978 പ്രകാരം ഏകദേശം പുതുവൈപ്പിനിൽ ഫിഷറീസ് സ്റ്റേഷന്റെ ആവശ്യാർത്ഥം 238 ഏക്കർ സ്ഥലം സർക്കാർ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. (സർവ്വേ നം. 1716/1, 2 - റീസർവ്വേ 238/1 പുതു

Local Fund Audit Department

വൈപ്പ് വില്ലേജ്, കൊച്ചി താലൂക്ക്). കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല രൂപീകൃതമായതിനെത്തുടർന്ന് കാർഷിക സർവ്വകലാശാലയുടെ അധീനതയിലായിരുന്ന പ്രസ്തുത സ്ഥലം ഫിഷറീസ് സർവ്വകലാശാലയ്ക്ക് കൈമാറി ലഭിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)157/12 ആർ.ഡി/19.04.2012 ഉത്തരവിൽ മേൽ സ്ഥലത്തുനിന്നും 20 ഏക്കർ സ്ഥലം കൊച്ചി എൽ.എൻ.ജി. പവർപ്ലാന്റിന്റെ ആവശ്യത്തിലേയ്ക്ക് കൈമാറി നൽകിയിട്ടുണ്ട്. മുൻപ് കൈവശമുണ്ടായിരുന്ന 238 ഏക്കർ ഭൂമി ഇപ്പോൾ ലോപിച്ച് 30 ഏക്കർ ആയി ചുരുങ്ങിയതായും റവന്യൂ രേഖകൾ തെളിയിക്കുന്നു. സമഗ്ര മൽസ്യ ഗവേഷണത്തിനും, സമുദ്രപഠനത്തിനും അനുയോജ്യമായ ഈ സ്ഥലം അതിർത്തികൾ വേർതിരിച്ച് സംരക്ഷിക്കേണ്ടതും പൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനാവശ്യമായ തുടർനടപടികളും സർവ്വകലാശാല അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 3–25 പ്രവർത്തനാവലോകന റിപ്പോർട്ട്

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ 01.04.2012 മുതൽ 31.01.2013 വരെയുള്ള കാലയളവിലെ തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ പ്രവർത്തനാവലോകന റിപ്പോർട്ട് എൽ.എഫ്.കുഫോസ് എ2/36/2013/15.03.2013 പ്രകാരം പുറപ്പെടുവിച്ചത് അനുബന്ധം 4 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

Local Fund Audit Department

## ഭാഗം – 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4–1 ഓഡിറ്റ് പ്രത്യവലോകനവും, സാമ്പത്തിക നിലയും.

### എ) ഗ്രാന്റുകൾ ലഭിച്ചതിന്റെ വിവരം.

2011–12 സാമ്പത്തിക വർഷം പ്ലാൻ ഗ്രാന്റിനത്തിൽ 4,96,93,000/- രൂപയും നോൺ പ്ലാൻ ഇനത്തിൽ 5,00,00,000/- രൂപയും വരവുണ്ട്. 5,00,00,000/- രൂപയിൽ 20,00,000/- രൂപ പ്രോവിഡന്റ് ഫണ്ടിലേയ്ക്കായാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ ഐ.സി.എ.ആർ ധനസഹായമായി 2011–12 –ൽ 1,85,23,680/- രൂപ വരവുണ്ട്.

### ബി) പെൻഷൻ ഫണ്ട്

2011–12 സാമ്പത്തിക വർഷം പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല.

### സി) പ്രോവിഡന്റ് ഫണ്ട്

സർവ്വകലാശാലയിലെ ജീവനക്കാരുടെ 31.03.2011 വരെയുള്ള പ്രോവിഡന്റ് ഫണ്ട് തുക കേരള കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലാണ് ഇപ്പോൾ നിക്ഷേപിച്ചി

രിക്കുന്നത്. ഈ തുക കുഫോസ് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2011 ജൂൺ മാസത്തിൽ കുഫോസിന്റെ പേരിൽ എസ്.ബി.റ്റി. വൈറ്റിലയിൽ പി.എഫ്.അക്കൗണ്ട് തുടങ്ങി.(അക്കൗണ്ട് നം.67149648911) 1925 –ലെ പ്രൊവിഡന്റ് ഫണ്ട് ആക്ട് (സെൻട്രൽ ആക്ട് 19 – 1925) പ്രകാരം ട്രഷറിയിൽ പി.എഫ്. അക്കൗണ്ട് തുടങ്ങിയിരിക്കുന്നത് 19.11.2012 ലാണ്.

| | | |
|---|---|---|
| മുന്നിരിപ്പ് | – | ഇല്ല |
| വരവ് (8258 പലിശ) | – | 4051778 |
| | | ------ |
| ആകെ | – | 4051778 |
| ചെലവ് | – | 3726700 |
| | | ------- |
| നീക്കിയിരിപ്പ് | – | 325078 |
| | | ======== |

2011–12 വർഷം 41,81,380/- രൂപ പി.എഫ് ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. തുക പൂർണ്ണമായും പി.എഫ്. അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

**4–2 സർക്കാരിലേയ്ക്ക് ഒടുക്കുവാനുള്ള തുകകൾ**

**(എ) ആദായ നികുതി**

| | | |
|---|---|---|
| മുന്നിരിപ്പ് | – | ഇല്ല |
| വരവ് | – | 7314840.00 |
| | | -------- |
| ആകെ | – | 7314840.00 |
| അടച്ച തുക | – | 7314840.00 |
| | | -------- |
| ബാക്കി | – | ഇല്ല |
| | | ========= |

**(ബി) സേവനനികുതി**

| | | |
|---|---|---|
| മുന്നിരിപ്പ് | – | ഇല്ല |
| വരവ് | – | 22139.00 |
| | | ------- |
| ആകെ | – | 22139.00 |
| അടച്ച തുക | – | 22139.00 |
| | | ------- |
| നീക്കിയിരിപ്പ് | – | ഇല്ല |

Local Fund Audit Department

========

**4-3** **സാമ്പത്തിക നില**

| | | |
|---|---|---|
| മുന്നിരിപ്പ് | | - |
| **വരവ്** | - | 17,41,25,581.00 |
| ജനറൽ അക്കൗണ്ട് (67167440116) | 13,82,64,340.00 | - |
| ഡെവലപ്മെന്റ് ഗ്രാന്റ് | 2,00,00,000.00 | -- |
| ലൈബ്രറി ഗ്രാന്റ് | 30,00,000.00 | - |
| ഇ.എൽ.പി | 94,00,000.00 | - |
| ഇന്റേണൽ രസീത് | 22,89,380.00 | - |
| പി.ഡി. അക്കൗണ്ട് | 11,71,861.00 | - |
| ആകെ | - | 17,41,25,581.00 |
| **ചെലവ്** | | 14,72,15,561.00 |
| ജനറൽ അക്കൗണ്ട് | 11,97,79,963.00 | |
| ഡെവലപ്മെന്റ് ഗ്രാന്റ് | 1,49,80,270.00 | |
| ലൈബ്രറി ഗ്രാന്റ് | 29,96,696.00 | |
| ഇ.എൽ.പി | 81,48,917.00 | |
| ഇന്റേണൽ രസീത് | 8,49,675.00 | |
| പി.ഡി. അക്കൗണ്ട് | 4,60,040.00 | |
| നീക്കിയിരിപ്പ് | | 2,69,10,020.00 |
| **പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ്** | | 3,19,25,327.00 |
| 67167440116 | 13455395 | |
| 67149674791 | 1439705 | |

Local Fund Audit Department

| | | |
|---|---|---|
| 67149491605 | 885381 | |
| 67147970327 | 282043 | |
| 67149593492 | 255535 | |
| 67158732368 | 15607268 | |
| (+) 31.03.2012 നു ശേഷം ബാങ്കിൽ വരവു വന്ന പ്ലാൻ ഫണ്ട് തുക | | 4,96,93,000.00 |
| (+) 31.03.2012 നു ശേഷം ബാങ്കിൽ വരവു വന്ന ഡെവലപ്മെന്റ് ഗ്രാന്റ് | | 1,00,00,000.00 |
| കുഫോസ് അക്കൗണ്ടിൽ വരവു വന്ന തുക, കേരള കാർഷിക സർവ്വകലാശാലയ്ക്ക് തിരികെ നൽകിയത് | | 46,30,920.00 |
| തെറ്റായി ചെലവ് എഴുതിയ തുക | | 17,937.00 |
| | | 9,62,67,184.00 |
| കുറയ്ക്കുക | | |
| **പണമാക്കാത്ത ചെക്കുകൾ** | | |
| 67167440116 | 4,93,12,875.00 | |
| 67147970327 | 1,60,450.00 | |
| 67149491605 | 1,73,750.00 | |
| 67149593492 | 2,54,500.00 | |
| 67158732368 | 1,92,48,698.00 | 6,91,50,273.00 |
| ജനറൽ അക്കൗണ്ടിൽ ചെലവ് എഴുതിയ തുക ചെലവു വരാതെ ബാങ്കിൽ കിടക്കുന്നത് | | 1,21,593.00 |
| ഫിഷറീസ് സ്റ്റേഷൻ പുതുവൈപ്പിൽ നിന്നും ട്രാൻസ്ഫർ ചെയ്യുവാനുള്ള തുക | | 1,035.00 |
| ബാങ്ക് അക്കൗണ്ടിൽ (ഡെവ.ഗ്രാന്റ്) വരവു വന്ന പലിശ ക്യാഷ് ബുക്കിൽ വരവു വയ്ക്കാത്തത് | | 82,535.00 |
| | | **2,69,11,748.00** |

Local Fund Audit Department

ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും യൂണിവേഴ്സിറ്റി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ 1,728/- രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

**4-4 <u>ഓഡിറ്റ് ചാർജ്ജ്</u>**

| | | |
|---|---|---|
| സർവ്വകലാശാലയുടെ തനതു വരുമാനം | : | 22,89,380.00 |
| ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ് (2400000 × 20%)<br>(Niche Area of Excellence) | : | 4,80,000.00 |
| | | --------- |
| ആകെ വരവ് | : | 27,69,380.00 |
| 1 % നിരക്കിൽ ഓഡിറ്റ് ചാർജ്ജ്<br>(2769380 × 1 %) | : | 27,694.00 |
| | | --------- |
| ആകെ അടയ്ക്കേണ്ട ഓഡിറ്റ് ചാർജ്ജ് | : | **27,694.00** |
| | | =========== |

ഓഡിറ്റ് ചാർജ്ജ് **<u>"0070-60-110-99 ഓഡിറ്റ് ചാർജ്ജ്"</u>** എന്ന ഹെഡിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ, ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം, എന്ന പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4-5 <u>ഓഡിറ്റ് പ്രത്യവലോകനം</u>**

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 174125581.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 147215561.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53187.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 527584.00 |

Local Fund Audit Department

**(ബി) സർവ്വകലാശാല ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 2-10 | 25900 | - | ഡോ. ബി. മധുസൂദനക്കുറുപ്പ്, വൈസ്ചാൻസലർ. |
| 3-8 | - | 4095.00 | ഡോ. ബി. മധുസൂദനക്കുറുപ്പ്, വൈസ്ചാൻസലർ. |
| 3-12 | - | 5692.00 | ഡോ. ട്രീസ രാധാകൃഷ്ണൻ, രജിസ്ട്രാർ. |
| 3-13 | - | 17500.00 | ഡോ. ട്രീസ രാധാകൃഷ്ണൻ, രജിസ്ട്രാർ. |
| ആകെ | **25900.00** | **27287.00** | |

Local Fund Audit Department

**(സി) ഓഡിറ്റിൽ തുക തടസ്സപ്പെടുത്തിയതിന്റെ വിവരം**

| ഖണ്ഡിക നം | തുക |
|---|---|
| 3-9 | 149450.00 |
| 3-15 | 82454.00 |
| 3-17 | 295680.00 |
| ആകെ | 527584.00 |

**(ഡി) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം തിട്ടപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ട്രീസ രാധാകൃഷ്ണൻ | പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം, തിരുവനന്തപുരം | ഡോ. ട്രീസ രാധാകൃഷ്ണൻ, ശ്രീഭദ്ര, ന്യൂടെക്നോപാർക്ക്, യൂണിവേഴ്സിറ്റി സൗത്ത് എൻഡ്, തിരുവനന്തപുരം – 695581 |
| ഡോ. ബി.മധുസൂദനക്കുറുപ്പ്, വൈസ് ചാൻസലർ | വൈസ് ചാൻസലർ, കുഫോസ്, പനങ്ങാട്, എറണാകുളം – 682506 | ജയം ഹൗസ്, തണ്ടാശ്ശേരി റോഡ്, നെട്ടൂർ, എറണാകുളം. |

Local Fund Audit Department

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ**
ലോക്കൽഫണ്ട് ഓഡിറ്റ്

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ-തുറമുഖ (ബി) വകുപ്പ്, കേരള സർക്കാർ (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
4. മിച്ചം

Al

## അനുബന്ധം – I

## അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാരുടെ സ്ഥിതി വിവരക്കണക്കുകൾ

### (i) *അദ്ധ്യാപകർ*

| ക്രമ നം | സ്ഥാനപ്പേര് | ശമ്പളസ്കെയിൽ (രൂപ) | അനുവദിച്ച തസ്തിക | നിലവിലുള്ളത് |
|---|---|---|---|---|
| 1. | ഡീൻ | 37400 – 67000 + ഗ്രേഡ് പേ 10000/- | 1 | 1 |
| 2. | പ്രൊഫസർ | 37400 – 67000 + ഗ്രേഡ് പേ 10000/- | 5 | 7(*) |
| 3. | അസോസിയേറ്റ് പ്രൊഫസർ | 37400 – 67000 + ഗ്രേഡ് പേ 9000/- | 13 | 12 |
| 4. | അസി.പ്രൊഫസർ | 15600 – 39100 + ഗ്രേഡ് പേ | 40 | 2 |
| | ആകെ | | 58 | 22 |

* 29.11.2011 -ന് ഒരു വിരമിക്കൽ

### (ii) *അനദ്ധ്യാപകർ*

| ക്രമ നം | തസ്തിക | ശമ്പളസ്കെയിൽ (രൂപ) | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|---|
| 1. | ഡെപ്യൂട്ടി രജിസ്ട്രാർ | 36140-49740 | 1 |
| 2. | സെക്ഷൻ ഓഫീസർ (ഹ.ഗ്രേ) | 20740-36140 | 3 |
| 3. | സെക്ഷൻ ഓഫീസർ | 20740-36140 | 3 |
| 4. | സെക്ഷൻ ഓഫീസർ (ഹ.ഗ്രേ) എഫ്.സി &ഡി | 20740-36140 | 3 |
| 5 | സെക്ഷൻ ഓഫീസർ/ഓഫീസ് സൂപ്രണ്ട് എഫ്.സി.& ഡി | 18740-33680 | 3 |
| 6. | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 16980-31360 | 20 |
| 6. | സീനി.ഗ്രേഡ് അസിസ്റ്റന്റ് | 16180-29180 | |

Local Fund Audit Department

| | | | |
|---|---|---|---|
| 7. | ടൈപ്പിസ്റ്റ്, സെല.ഗ്രേഡ് | 16980–31360 | 3 |
| 8. | ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് | 16180–29180 | 3 |
| 9. | ഓഫീസ് അറ്റൻഡന്റ് | 8500–13210 | 8 |
| 10. | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് 1 | 9940–16580 | 1 |
| 11. | ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ | 13900–24040 | 1 |
| 12. | ഡ്രൈവർ-എച്ച്.ഡി.വി | 14620–25280 | 1 |
| 13 | ഡ്രൈവർ-എൽ.ഡി.വി | 10480–18300 | 3 |
| 14. | വെഹിക്കിൾ സൂപ്പർവൈസർ (എൽ. ഡി.വി) | 14620–25280 | 1 |
| 15. | ഫാം മാനേജർ, ഗ്രേഡ് 1 | 18740–33680 | 1 |
| 16. | ഫാം മാനേജർ, ഗ്രേഡ് 2 | 16980–31360 | 1 |
| 17. | ഫാം ഓഫീസർ (അഗ്രി) ഗ്രേഡ് 2 | 10480–18300 | 3 |
| 18. | പ്രോഗ്രാമർ | 22360–37940 | 1 |
| 19. | അസി.ലൈബ്രേറിയൻ (യു.ജി.സി) | 15600–39100 (പി.ജി.പി-6000/-) | 1 |
| 20. | റഫറൻസ് അസിസ്റ്റന്റ് (ഹ.ഗ്രേ) | 20740–36140 | 1 |
| 21. | റഫറൻസ് അസിസ്റ്റന്റ് | 18740–33680 | 1 |
| 22. | ടെക്നിക്കൽ അസിസ്റ്റന്റ് | 16980–31360 | 1 |
| 23. | ബസ് അറ്റൻഡന്റ് | 13900–24040 | 1 |
| 24. | ലാബ് അസിസ്റ്റന്റ് ഗ്രേഡ് 2 | 13900–24040 | 6 |
| 25. | മേട്രൺ സെല.ഗ്രേഡ് | 13900–24040 | 1 |
| 26. | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് 2 | 9190–15780 | 1 |
| 27. | ലാബ് അസി.ഗ്രേഡ് 1 | 13210–22360 | 3 |

Local Fund Audit Department

| | | | |
|---|---|---|---|
| 28. | ഡെക്ക് ഹാൻസ് | 8500-13210 | 4 |
| 29. | ഫീൽഡ്മാൻ (ഫിഷറീസ്) | 10480-18300 | 3 |
| 30. | ഫിഷർമാൻ | 8730-13540 | 2 |
| 31. | ഗീയർ ടെക്നീഷ്യൻ | 9940-16580 | 1 |
| 32. | ഹോസ്റ്റൽ മാനേജർ | 9940-16580 | 1 |
| 33. | സ്കിപ്പർ ഗ്രേഡ് 2 | 19240-34500 | 1 |
| 34. | ടെക്നീഷ്യൻ/ടെക്നിക്കൽ സൂപ്പർവൈസർ | 10790-18000 | 1 |
| | ആകെ | | 90 |

Local Fund Audit Department

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ**

## അനുബന്ധം – II

## സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനു പകരമായി കറന്റ് അക്കൗണ്ട് തുടങ്ങിയതു മൂലം സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം (ഖണ്ഡിക 2-8)

കുഫോസ് പനങ്ങാട്, അക്കൗണ്ട് നം. 67144104226

***ഏപ്രിൽ***

| തീയതി | ബാങ്കിലെ നീക്കിയിരിപ്പ് | 4% നിരക്കിൽ പലിശ |
|---|---|---|
| 05.04.2011 | 439270.00 | 96.00 |
| 07.04.2011 | 416162.00 | 410.00 |
| 16.04.2011 | 366162.00 | 80.00 |
| 18.04.2011 | 344079.00 | 38.00 |
| 19.04.2011 | 294079.00 | 193.00 |
